# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P.6/1092/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 04/11/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P.6/1092/2022 തീയ്യതി: 04/11/2022

# ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 24-08-2022 | 03-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-08-2022 | 03-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.എസ്.എൽസമ്മ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ.റോയി,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സിജി ജോൺ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിശ്വംഭരൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.പി.ആർ.സജി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പിൻറു റോയ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ദീലീപ് എസ്, | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | 01-04-2021 | 31-03-2022 |
| ഡോ.അശ്വതി എം, | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ.കെ.ജയ, | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.ടോണി തോപ്പിൽ, | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി സ്വപ്ന കരുണാകരൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി .ബിന്ദു പ്രസാദ്.എസ്, | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി .ശ്രീവിദ്യ പൈ, | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ ,തൈക്കാട്ടുശ്ശേരി | 01-04-2021 | 31-03-2022 |
| ശ്രീ.സാദ്ദിഖ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ ,പൂച്ചാക്കൽ | 01-04-2021 | 31-03-2022 |
| ശ്രീമതി .പ്രീത വി പ്രഭു, | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രിയങ്ക, | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. സിബി സോമൻ, | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Elsamma (Audit Officer, On 03-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Elsamma (Audit Officer, On 03-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-2 |
| 3 | വാർഷിക കണക്ക് പരിശോധന – അപാകതകൾ.<br>Written By: T.M Roy (Senior Grade Auditor, On 03-09-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 05-09-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Elsamma (Audit Officer, On 03-09-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 18-09-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)<br>Written By: Elsamma (Audit Officer, On 03-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Elsamma (Audit Officer, On 03-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Elsamma (Audit Officer, On 03-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Elsamma (Audit Officer, On 03-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Elsamma (Audit Officer, On 03-09-2022)<br>Last Updated By: Elsamma (Audit Officer, On 03-09-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Elsamma (Audit Officer, On 03-09-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 22-09-2022) | 1-9 |
| 11 | മരാമത്ത് പ്രവർത്തികളുടെ ഇ-ടെണ്ടർ ഫീസ് സംബന്ധിച്ച്.<br>Written By: T.M Roy (Senior Grade Auditor, On 04-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-10 |
| 12 | മൊബൈൽ ടവറിന്റെ വസ്തു നികുതി അടവാക്കാത്തത് സംബന്ധിച്ച്<br>Written By: Siji (Auditor, On 03-09-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 16-09-2022) | 1-11 |
| 13 | വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ<br>Written By: Siji (Auditor, On 03-09-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 27-10-2022) | 1-12 |
| 14 | വസ്തു നികുതി - തുക ക്രെഡിറ്റ് ചെയ്യുതിലെ അവ്യക്തത സംബന്ധിച്ച്<br>Written By: Siji (Auditor, On 02-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-13 |
| 15 | ലേലം ഉറപ്പിച്ച വ്യക്തികൾക്ക് ലേലം നല്കാത്തതുമൂലം പഞ്ചായത്തിന് 48641/- രൂപ നഷ്ടം<br>Written By: Siji (Auditor, On 02-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-14 |
| 16 | കടത്ത് ലേലം -വൻതുകയ്ക്കുള്ള മുദ്രപ്പത്രം വാങ്ങിപ്പിക്കുകയും കരാർ തുക അധികമായി ഈടാക്കിയതും വഴി കരാറുകാരന് വൻതുക അധികച്ചെലവ്<br>Written By: Siji (Auditor, On 02-09-2022)<br>Last Updated By: Siji (Auditor, On 21-09-2022) | 1-15 |

| | | |
|---|---|---|
| 17 | ലേലത്തുക 4000/- രൂപ ലഭ്യമാകാത്തതു സംബന്ധിച്ച്<br>Written By: Siji (Auditor, On 03-09-2022)<br>Last Updated By: Siji (Auditor, On 10-09-2022) | 1-16 |
| 18 | ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് ഡി. & ഒ. ലൈസൻസ് എടുക്കുന്നതിനായി സ്ഥാപനങ്ങൾക്ക് അറിയിപ്പ് നല്കി<br>Written By: Siji (Auditor, On 03-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-17 |
| 19 | പഞ്ചായത്തിന്റെ കടമുറികളുടെ വാടക -68190/- രൂപ കുടിശ്ശികയുള്ളത് സംബന്ധിച്ച്<br>Written By: Siji (Auditor, On 03-09-2022)<br>Last Updated By: Siji (Auditor, On 21-09-2022) | 1-18 |
| 20 | പഞ്ചായത്ത് വക വാഹനത്തിന്റെ (KL32 M 1387) അറ്റകുറ്റപ്പണികൾ - ബിൽ ഹാജരാക്കാത്തതിനാൽ 8465/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Siji (Auditor, On 02-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-19 |
| 21 | പത്രപ്പരസ്യത്തിന് അധികച്ചെലവ് - 6605/- രൂപ നഷ്ടം<br>Written By: Siji (Auditor, On 02-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-20 |
| 22 | സാമൂഹ്യക്ഷേമ പെൻഷനുകൾ - അപാകതകൾ സംബന്ധിച്ച്<br>Written By: Siji (Auditor, On 03-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-21 |
| 23 | പി.എച്ച്.സി. - മരുന്നുകൾ ലഭ്യമാകാത്തത് സംബന്ധിച്ച്<br>Written By: Siji (Auditor, On 02-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-22 |
| 24 | കോവിഡ് പ്രതിരോധ പ്രവർത്തനത്തിനായി ആംബുലൻസ് വാടകയ്ക്കെടുക്കൽ -<br>Written By: T.M Roy (Senior Grade Auditor, On 04-09-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 28-09-2022) | 1-23 |
| 25 | സ്മാർട്ട് ഗാർബേജ് ബാഗ് മോണിട്ടറിംഗ് സിസ്റ്റം - പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടില്ല.<br>Written By: T.M Roy (Senior Grade Auditor, On 03-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-24 |
| 26 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ - ലഭിക്കാത്ത മരുന്നിന്റെ തുക തടസ്സപ്പെടുത്തുന്നു.<br>Written By: T.M Roy (Senior Grade Auditor, On 03-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-25 |
| 27 | പ്രോജക്ട് നടപ്പാക്കിയില്ല<br>Written By: Elsamma (Audit Officer, On 04-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-26 |
| 28 | പഠനമുറി പൂർത്തിയാക്കിയില്ല<br>Written By: Elsamma (Audit Officer, On 04-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-27 |
| 29 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: Elsamma (Audit Officer, On 04-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-28 |
| 30 | കൂടിയ നിരക്കിൽ ഭക്ഷ്യ വസ്തുക്കൾ വാങ്ങി<br>Written By: Elsamma (Audit Officer, On 04-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-29 |
| 31 | വിവിധ നിക്ഷേപപ്രവൃത്തികൾക്കായി തുക നൽകിയിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല<br>Written By: Elsamma (Audit Officer, On 04-09-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 28-09-2022) | 1-30 |

| | | |
|---|---|---|
| 32 | വിതരണരേഖകൾ ഹാജരാക്കിയില്ല<br>Written By: Elsamma (Audit Officer, On 04-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-31 |
| 33 | ബില്ലിൽ കുറവ് ചെയ്ത ബാരൽ വില തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിക്കുന്നു.<br>Written By: T.M Roy (Senior Grade Auditor, On 03-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-32 |
| 34 | തെരുവ് വിളക്ക് മെയിന്റനൻസ് - കരാറുകാരനിൽ നിന്നും ഐ.റ്റി, ജി.എസ്.റ്റി എന്നിവ ഈടാക്കിയില്ല.<br>Written By: T.M Roy (Senior Grade Auditor, On 03-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-33 |
| 35 | വക്കീൽ ഫീസ്- ആദായ നികുതി ഈടാക്കിയില്ല.<br>Written By: Siji (Auditor, On 02-09-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 16-09-2022) | 1-34 |
| 36 | യഥാസമയം പണി പൂർത്തിയാക്കാതിരുന്ന കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല.<br>Written By: T.M Roy (Senior Grade Auditor, On 05-09-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 16-09-2022) | 1-35 |
| 37 | ഗ്രാന്റ് വിനിയോഗത്തിൽ I ഗുരുതരമായ അലംഭാവം.<br>Written By: T.M Roy (Senior Grade Auditor, On 05-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-36 |
| | **ഭാഗം 2** | |
| 1 | ലേലം ഉറപ്പിച്ച വ്യക്തികൾക്ക് ലേലം നല്കാത്തതുമൂലം പഞ്ചായത്തിന് 48641/- രൂപ നഷ്ടം<br>Written By: Siji (Auditor, On 21-09-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 22-09-2022) | 2-1 |
| | **ഭാഗം 3** | |
| 1 | പത്രപ്പരസ്യത്തിന് അധികച്ചെലവ് - 6605/- രൂപ<br>Written By: Siji (Auditor, On 10-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 3-1 |
| 2 | ആംബുലൻസ് ഡ്രൈവർക്ക് തുക അധികം നൽകി.<br>Written By: T.M Roy (Senior Grade Auditor, On 11-09-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 28-09-2022) | 3-2 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Elsamma (Audit Officer, On 04-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Elsamma (Audit Officer, On 04-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Elsamma (Audit Officer, On 04-09-2022)<br>Last Updated By: Elsamma (Audit Officer, On 04-09-2022) | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Elsamma (Audit Officer, On 04-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Elsamma (Audit Officer, On 04-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Elsamma (Audit Officer, On 04-09-2022)<br>Last Updated By: Elsamma (Audit Officer, On 04-09-2022) | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Elsamma (Audit Officer, On 04-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Elsamma (Audit Officer, On 04-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 4-8 |
| 9 | ഓഡിറ്റ പ്രത്യവലോകനം<br>Written By: Elsamma (Audit Officer, On 04-09-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 27-10-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Elsamma (Audit Officer, On 04-09-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 29-09-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | 22.09.2021 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി മീറ്റിംഗിൽ സംബന്ധിച്ച അംഗങ്ങൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

18/2/21 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 197525424 | 196020750 |
| വാർഷികകണക്ക് പ്രകാരം | 133632422 | 139470080 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2022 | 11.7.22 |

## 1-2-1 വാർഷിക കണക്ക് പരിശോധന – അപാകതകൾ.

1) വാർഷിക കണക്ക് പ്രകാരം വികസന ഫണ്ട് പൊതുവിഭാഗത്തിലെ ആകെ ചെലവ് 17400734/- രൂപയും എ.സി.ആർ പ്രകാരമുള്ള ആകെ ചെലവ് 17522234/- രൂപയുമാണ്. വ്യത്യാസം 121500/- രൂപ.

2) വാർഷിക കണക്ക് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിലെ ആകെ ചെലവ് 969866/- രൂപയും എ.സി.ആർ പ്രകാരമുള്ള ആകെ ചെലവ് 4450302/- രൂപയുമാണ്. വ്യത്യാസം 3480436/- രൂപ.

3) രസീപ്റ്റ് & പേയ്മെന്റ് ഷെഡ്യൂൾ അനുസരിച്ച് Permit Fee For Construction Of Building എന്ന ഹെഡിലെ വരവ് 166776/- രൂപയും Building Regularisation Fee എന്ന ഹെഡിലെ വരവ് 167654 രൂപയുമാണ്. എന്നാൽ പെർമിറ്റ് രജിസ്റ്ററിൽ വാർഷിക ഡി.സി.ബി തയ്യാറാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള വരവിന്റെ കൃത്യത പരിശോധിക്കാനായില്ല.

4) വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ജയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. സഞ്ജയ സോഫ്റ്റ് വെയറിൽ നിന്നുള്ള ഡി.സി.ബി സ്റ്റേറ്റ്മെന്റിൽ Book Adjustments എന്ന ശീർഷകത്തിൽ റെസിഡ്യൻഷ്യൽ, നോൺ റെസിഡ്യൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ തൻവർഷത്തെ വരവായി ഉൾപ്പെടുത്തിയ തുക ഏതൊക്കെ കെട്ടിടങ്ങളുടേതാണെന്നത് സംബന്ധിച്ച വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7812387.16 |
| വരവ് | 83925935 |
| ആകെ | 91738322.16 |
| ചെലവ് | 73339192 |
| നീക്കിയിരിപ്പ് | 18399130.16 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക | റിമാർക്സ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 18024290 | 18024290 | 17522234 | 502026 | |
| വികസന | | 5403620 | 5403620 | 5139666 | 263954 | |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ട്-<br>എസ്.സി.പി<br>(ACR പ്രകാരം) | | | | | | |
| വികസന ഫണ്ട്-<br>ടി.എസ്.പി<br>(ACR പ്രകാരം) | | 106000 | 106000 | 106000 | 0 | |
| മെയിന്റനൻസ്, റോഡ്<br>(ACR പ്രകാരം) | | 6812700 | 6812700 | 1659163 | 5153537 | |
| മെയിന്റനൻസ്, നോൺ-റോഡ്<br>(ACR പ്രകാരം) | | 5560947 | 5560947 | 3925537 | 1635410 | |
| സിഎഫ്സി അടിസ്ഥാന വിഹിതം | | 3848000 | 3848000 | 2608226 | 1239774 | |
| സിഎഫ്സി ടൈഡ് | | 6153174 | 6153174 | 1842076 | 4311098 | |

ഗ്രാമ പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പരിശോധനാ വിധേയമാക്കാൻ സാധിച്ചില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 105 | 132121470 | 49 | 40565536 | 25 | 31 | 46.6 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3514 | 878238 | 881752 | 881589 | 163 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 34131411 | 34131411 | 34131411 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 322320 | 78 |
| കർഷകതൊഴിലാളി പെൻഷൻ | 6538100 | 406 |
| വിധവാപെൻഷൻ | 10499700 | 715 |
| വാർദ്ധക്യകാലപെൻഷൻ | 22409500 | 1897 |
| വികലാംഗപെൻഷൻ | 3558000 | 229 |
| അവിവാഹിത പെൻഷൻ | 1022500 | 68 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.8.22ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1911/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
2. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.
4. വിവിധ നികുതിയിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി എഴുതി വർഷാവസാനം സംക്ഷിപ്ത വിവരം രേഖപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
5. വാടക സംബന്ധിച്ച രജിസ്റ്ററിൽ വാടക ഈടാക്കിയ രസീത് നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തുകയോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.
6. മാന്യവൽ രസീതുകളിലും സാംഖ്യ രസീതുകളിലും ക്യാൻസൽ ചെയ്യുന്ന രസീതുകളിൽ കൃത്യമായ കാരണം രേഖപ്പെടുത്തി സെക്രട്ടറിയോ ചുമതലപ്പെട്ട ഉദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തുന്നില്ല.
7. തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് തദ്ദേശസ്വയംഭരണവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
8. ഗ്രാമപഞ്ചായത്തിലെ വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്ട്സുകൾ പരിശോധിച്ചതിൽ അവയുടെ പ്രവർത്തനം ബന്ധപ്പെട്ട മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സാധ്യതകളും കണ്ടെത്തി പ്രശ്നപരിഹാരനിർദേശങ്ങൾ രൂപീകരിക്കുക എന്ന പ്രാഥമിക ചുമതലയിൽ ഒതുക്കിയിരിക്കുന്നതായി കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിനുള്ള നിർദേശങ്ങൾ ലഭ്യമാക്കിയതിനുശേഷം മേൽ പദ്ധതികളുടെ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതുണ്ട്.
9. തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്യു മെറ്റീരിയൽ പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങൾ സപ്ളൈ ചെയ്യുമ്പോൾ അവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.
10. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായമാക്കിയാൽ കറന്റ് ചാർജ് വീണ്ടും കുറയുമെന്നുള്ളതിനാൽ ഇവ മീറ്ററേഡ് സിസ്റ്റത്തിലാക്കാൻ ശ്രമിക്കേണ്ടതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മരാമത്ത് പ്രവർത്തികളുടെ ഇ-ടെണ്ടർ ഫീസ് സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്ന് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൌണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുള്ള ടെണ്ടർ ഫീസിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഈടാക്കിയ ടെണ്ടർ ഫീസ് |
|---|---|---|
| 1 | പഞ്ചായത്ത് ഓഫീസ് നവീകരണവും ചുറ്റുമതിൽ നിർമ്മാണവും | 2500 |
| 2 | ഐക്കരത്തോട് - പള്ളിത്തോട് പുനരുദ്ധാരണം | 1460 |
| 3 | ചൂരമന-വല്ല്യാറ-പരിമണം തോട് പുനരുദ്ധാരണം | 1480 |

| | | |
|---|---|---|
| 4 | കേളമംഗലം - എലിക്കാട്ട് തോട് പുനരുദ്ധാരണം | 1850 |
| 5 | മനയ്ക്കൽ- വല്ല്യാറ തോട് പുനരുദ്ധാരണം | 1450 |
| | ആകെ | 8740 |

2021-22 വർഷം ഗ്രാമപഞ്ചായത്തിൽ ഇ ടെന്റർ വഴി നടപ്പാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെന്റർ ഫീസ് ഇനത്തിലെ 8750 രൂപ എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്ന് ലഭിക്കാനുള്ളതായി ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (21/31.08.2022) ലഭ്യമാക്കിയ മറുപടിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. ടി തുക തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-11 മൊബൈൽ ടവറിന്റെ വസ്തു നികുതി അടവാക്കാത്തത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്ത് 10-ാം വാർഡിൽ 281/I -ാം നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന Indus മൊബൈൽ ടവറിന്റെ വസ്തു നികുതി സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം നിർണ്ണയിച്ചിട്ടുള്ള 2018 ആദ്യ അർദ്ധവർഷം മുതൽ അടവാക്കാത്തതായി കാണുന്നു. ഫയൽ സ്റ്റാറ്റസിൽ 'For Approval' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തുക അടവാക്കാത്തത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 26/1.9.22) മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കിയതിന്റെ വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ

1. ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്രമീറ്ററിലും 200 ചതുരശ്രമീറ്ററിലും അധികമുള്ള പല ഷോപ്പിംഗ് കോംപ്ലക്സുകളുടെയും ആകെ വിസ്തൃതിയ്ക്ക് ആനുപാതികമായി അടിസ്ഥാന വസ്തു നികുതി നിരക്ക് നികുതി നിർണ്ണയം നടത്താതെ ഓരോ മുറികളുടേയും വിസ്തൃതിക്ക് ആനുപാതികമായി അടിസ്ഥാന വസ്തു നികുതി നിരക്ക് നികുതി നിർണ്ണയം നടത്തിയിട്ടുള്ളതിനാൽ പഞ്ചായത്തിന് വൻതുക നഷ്ടം വന്നിട്ടുണ്ട്. പഞ്ചായത്ത് നിർണ്ണയിച്ചിട്ടുള്ള നികുതി നിരക്കുകൾ പ്രകാരം വാണിജ്യാവശ്യങ്ങൾക്കുള്ള 100 ചതുരശ്രമീറ്ററിൽ അധികരിക്കുന്നവയ്ക്ക് 50/- രൂപയും 200 ചതുരശ്രമീറ്ററിൽ അധികരിക്കുന്നവയ്ക്ക് 70/- രൂപയുമാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| | വാർഡ് | കെട്ടിട നം. | ഉടമ | ആകെ വിസ്തീർണ്ണം ($M^2$) | ഈടാക്കിയ നിരക്ക് |
|---|---|---|---|---|---|
| 1 | 5 | 330 (B മുതൽ P വരെ) | ബാബു, പുരുഷപുരം | 262.61 | 50 |
| 2 | 4 | 233 (A-J) | രാജപ്പൻപിള്ള& സുധ | 276.77 | 50 |
| 3 | 4 | 287 (B & D) | സതീഷ് ചന്ദ്രൻ | 201.98 | 50/- |
| 4 | 9 | 3 (A - H) | ജോൺ, തിരുനിലത്തുവെളി | 295.74 | താഴത്തെ നില-50/-<br>ഒന്നാം നില- 30/- |
| 5 | 9 | 214 (B,C,D) | വിജയകുമാരി | 241.57 | D- 50/-<br>B, C - 30/- |
| 6 | 9 | 382 (A- I) | വിനയകുമാർ, ശ്രീമന്ദിരം | 241.26 | 50/- |
| 7 | 8 | 1 (A- K) | SCB- 275 | 420.38 | 50/- |
| 8 | 13 | 111 (C-P) | മനീഷ് സി.പി. | 264 | 50/- |

2. താഴെ കൊടുത്തിരിക്കുന്ന തുടർച്ചയായുള്ള കെട്ടിട നമ്പരുകൾ പ്രകാരമുള്ളവ ഒരേ വ്യക്തിയുടെ പേരിലുള്ളവയാണ്. മിക്കതും ഷോപ്പിംഗ് മുറികളുടെ അളവുകളിലാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്. ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികൾക്ക് തുടർച്ചയായ നമ്പർ നല്കിയതാണെന്ന് കരുതുന്നു.

| | വാർഡ് | കെട്ടിട നം. | ഉടമ | ആകെ വിസ്തീർണ്ണം ($M^2$) | ഈടാക്കിയ നിരക്ക് |
|---|---|---|---|---|---|
| 1 | 4 | 260 മുതൽ 286 വരെ) | കെ.എസ്.ബാബു | GF-993<br>1st F – 44 | 30/- |

| | | | | | |
|---|---|---|---|---|---|
| | | | | ആകെ- 1037 | |
| 2 | 9 | 357 – 365 | എം.പി. ഓമന | 270 | 141 $M^2$ – 30/-<br>129$m^2$- 50/- |
| | | 362A | - ടി - | 86 | 86$m^2$ – 30/-<br>ആകെ- 356$m^2$ |
| 3 | 10 | 33-44 | പൊന്നമ്മ | 207 M2 | 33-18$m^2$ - 30/-<br>34മുതൽ 42 വരെ - ആശുപത്രി - 8/-<br>43-90$m^2$ - 30/-<br>44-65$m^2$ - 30/- |

3. പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഡി & ഒ. ലൈസൻസ് നല്കിവരുന്നതായി കാണുന്നു.ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| വാർഡ് | കെട്ടിട നം. | പ്രവർത്തിക്കുന്ന സ്ഥാപനം | ഈടാക്കിയ നിരക്ക് |
|---|---|---|---|
| 6 | 150 | ഫർണിച്ചർ നിർമ്മാണം (വസ്തു നികുതി നിർണ്ണയിച്ചിട്ടുമില്ല) | (വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല) |
| 9 | 56 | ഫൈബർ ടഫ്റ്റ് ഇന്റർനാഷണൽ | 6/- |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/1.9.22) ലഭ്യമാക്കിയ മറുപടി പ്രകാരം ഒന്നാം ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് 200 ചതുരശ്ര മീറ്ററിൽ അധികരിച്ചിട്ടുള്ള കെട്ടിടനിരക്കായ 70/- രൂപ ചുമത്തി സഞ്ചയ സോഫ്റ്റ്വെയറിൽ മാറ്റം വരുത്തിയതായി അറിയിക്കുകയും ആയതിന്റെ പകർപ്പ് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഉദാഹരണമായി ചൂണ്ടിക്കാട്ടിയ കെട്ടിടങ്ങളുടെ നികുതി നിരക്കുകളിൽ മാത്രമാണ് മാറ്റം വരുത്തിയിട്ടുള്ളത്.

ഖണ്ഡിക 2 പ്രകാരമുള്ള കെട്ടിടങ്ങളിൽ ക്രമ നം.1, 2 എന്നിവ 1993-94 സാമ്പത്തികവർഷം കെട്ടിടനമ്പർ നിലവിലുള്ളതാണെന്നും ആയതിനാൽ പുതുക്കിയ നിരക്ക് ബാധകമല്ല എന്നും ക്രമ നം.3 ലെ 10/34 മുതൽ 42 വരെയുള്ള കെട്ടിടങ്ങൾ ഉപയോഗക്രമം മാറ്റി വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്ന രീതിയിൽ മാറ്റി നിരക്കിൽ മാറ്റം വരുത്തുകയും ചെയ്തു. കെട്ടിടങ്ങൾക്ക് ഘടനാപരമായ മാറ്റം വരുത്താത്തതിനാൽ നിശ്ചിത വർദ്ധനവ് മാത്രമേ നല്കുവാൻ സാധിക്കുകയുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്.

ഖണ്ഡിക 3 പ്രകാരം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളിലാണ് ടി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് എന്ന് മാത്രമാണ് മറുപടി ലഭ്യമാക്കിയത്. കെട്ടിടങ്ങൾ തരംമാറ്റുന്നത് സംബന്ധിച്ച് മറുപടിയിൽ വ്യക്തമാക്കിയില്ല.

ഗ്രാമപഞ്ചായത്തിൽ പുതിയ കെട്ടിടങ്ങൾ ഉൾപ്പെടെ മിക്ക ഷോപ്പിംഗ് കോംപ്ലക്സുകളിലെയും മുറികളുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് നികുതി നിശ്ചയിച്ച് നല്കുന്നതായി കണ്ടുവരുന്നത്. സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ച് എല്ലാ ഷോപ്പിംഗ് കോപ്ലക്സുകളുടെയും നികുതി ആകെ വിസ്തൃതിക്കനുസൃതമായി പുനർനിർണ്ണയിക്കേണ്ടതാണ്.

ഡി.& ഒ. ലൈസൻസ് അപേക്ഷാ രജിസ്റ്ററിൽ പാർപ്പിടാവശ്യം എന്ന് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കെട്ടിടത്തിന്റെ തരംമാറ്റി നികുതി പുനർനിർണ്ണയിച്ചും സ്ഥാപനങ്ങൾക്ക് ഡി.& ഒ. ലൈസൻസ് നിയമങ്ങൾ പ്രകാരം ലൈസൻസ് നല്കിയതു സംബന്ധിച്ചുമുള്ള രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-13 വസ്തു നികുതി - തുക ക്രെഡിറ്റ് ചെയ്തതിലെ അവ്യക്തത സംബന്ധിച്ച്

തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഡേ ബുക്ക് പ്രകാരം 31.3.22 ൽ താഴെപ്പറയുന്ന പ്രകാരം രണ്ടു തുകകൾ ചെക്കായി വരവുണ്ട്. ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ ഈ തുക വരവ് രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | തീയതി | തുക | ഇനം | തുക അടവാക്കിയത് |
|---|---|---|---|---|
| 1 | 31.3.22 | 53691/- | വസ്തു നികുതി | സബ് ഡിവിഷണൽ എഞ്ചിനീയർ |
| 2 | 31.3.22 | 32911/- | വസ്തു നികുതി | സബ് ഡിവിഷണൽ എഞ്ചിനീയർ |

എന്നാൽ ടി തുകകൾ ക്രെഡിറ്റ് ചെയ്തതായി കാണാത്തത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്

(നം.2/29.8.22) 55432/- രൂപ 2021 ഏപ്രിൽ 23 നം 31170/- രൂപ 2022 മാർച്ച് 23 നം പാസായിട്ടുള്ളതായാണ് മറുപടി ലഭ്യമാക്കിയത്. ബാങ്ക് റക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കുകയുമുണ്ടായി. എന്നാൽ 2022 മാർച്ച് 31-ാം തീയതി ലഭ്യമാക്കിയ ചെക്ക് 2021 ഏപ്രിലിൽ എപ്രകാരം പാസായി എന്നതു സംബന്ധിച്ച് വ്യക്തമായി മറുപടി ലഭ്യമാക്കിയില്ല. 2013 മുതലുള്ള കുടിശ്ശികയ്ക്ക് ആർ.ആർ. നടപടികൾ സ്വീകരിച്ചതിനെത്തുടർന്ന് ബി.എസ്.എൻ.എൽ. തുക അടവാക്കിയതായി കരുതിയാണ് ബി.എസ്.എൻ.എൽ. അക്കൗണ്ടിൽ തുക വകയിരുത്തിയത് എന്നും ബാങ്കിൽ നേരിട്ടന്വേഷിച്ചതിൽ മേൽ തുക ആരാണ് അടവാക്കിയത് എന്നത് സംബന്ധിച്ച വ്യക്തമായ മറുപടി ലഭ്യമായില്ല എന്നുമാണ് പഞ്ചായത്തിൽ നിന്നും വാക്കാൽ അറിയിച്ചത്. തുക നല്കിയ വ്യക്തിയുടെ/സ്ഥാപനത്തിന്റെ പേരുവിവരവും ലഭ്യമായില്ല. ടി തുകകൾ ബി.എസ്.എൻ.എൻ. ടവറിന്റെയും (നം.9/452 A) ജനറേറ്റർ റൂമിന്റെയും (നം.9/452 B) അക്കൗണ്ടിൽ വരവ് വച്ചിട്ടുണ്ട്. എന്നാൽ മേൽ രണ്ടു കെട്ടിടത്തിന്റെയും 2013 ആദ്യ അർദ്ധവർഷം മുതൽ 2021 രണ്ടാം അർദ്ധവർഷം വരെയുള്ള കുടിശ്ശികയുൾപ്പെടെയുള്ള ആകെ നികുതി 43761/- രൂപയാണ് (പലിശ ഒഴികെ). 55432/- രൂപയിൽ ബാക്കി 11671/- രൂപ അഡ്വാൻസിനത്തിൽ പഞ്ചായത്തിൽ ഉണ്ടായിരിക്കെ രണ്ടാമത്തെ ചെക്ക് പ്രകാരം 31170/- രൂപ ബി.എസ്.എൻ.എൽ. അടവാക്കാനിടയില്ല. ആയതിനാൽ മേൽ തുകകൾ ലഭ്യമായത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്.

## 1-14 ലേലം ഉറപ്പിച്ച വ്യക്തികൾക്ക് ലേലം നല്കാത്തതുമൂലം പഞ്ചായത്തിന് 48641/- രൂപ നഷ്ടം

2021ൽ നിയമസഭാ ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലവിലുള്ളതിനാൽ ലേല നടപടികൾ സാധ്യമല്ലാത്തതിനാൽ പൂച്ചാക്കൽ മാർക്കറ്റ് ഫീസ് പിരിവ് മുൻസാമ്പത്തിക വർഷത്തെ ലേലക്കാരന് രണ്ടുതവണയായി ആകെ 6 മാസത്തേക്ക് നീട്ടി നല്കി. തുടർന്ന് പൂച്ചാക്കൽ മാർക്കറ്റ് ഫീസ് പിരിവ്, ശൗചാലയം നടത്തിപ്പ് മുതലായവയ്ക്ക് 3.9.2021ൽ പത്രത്തിൽ ലേലപ്പരസ്യം നല്കിയതിന് 5141/- രൂപ ചെലവഴിച്ചിട്ടുണ്ട്. (വൗച്ചർ നം.22100495/10.11.21) ഇതിനെ അടിസ്ഥാനമാക്കി ലേലം നടത്തിയതു സംബന്ധിച്ചും തുക അടവാക്കിയതുമായ രേഖകൾ ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/30.8.22) പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പത്രപ്പരസ്യത്തെത്തുടർന്ന് 06.09.21 ൽ ലേലം നടത്തുകയും ലേലത്തിൽ ഒരു വ്യക്തിയും വരേകാട് മത്സ്യ സഹകരണ സംഘം- നം.465 എന്ന സൊസൈറ്റിയും പങ്കെടുത്തു. മത്സ്യ സൊസൈറ്റി തുകയൊന്നും പറയാതെ മത്സ്യസൊസൈറ്റി എന്ന പരിഗണനയിൽ ലേലം കൂടാതെതന്നെ സംഘത്തിന് നല്കണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ ലേലം നടത്തുകയും ലേലത്തിൽ ശ്രീ. തോമസ്, കണ്ണംപറമ്പിൽ എന്നയാൾക്ക് 43500/- രൂപയ്ക്ക് താൽക്കാലികമായി ലേലം ഉറപ്പിക്കുകയും ചെയ്തു. ഇതേതുടർന്ന് 08.09.21 ൽ വരേകാട് മത്സ്യ സഹകരണ സംഘം ടി തോമസ് വിളിച്ച 43500/- നേക്കാൾ ഉയർന്ന തുകയായ 44000/- രൂപയ്ക്ക് സംഘത്തിന് ഉറപ്പിച്ച് നല്കണമെന്ന് കാട്ടി രേഖാമൂലം പഞ്ചായത്തിൽ അപേക്ഷനല്കുകയും അതേദിവസംതന്നെ ചേർന്ന സ്റ്റിയറിംഗ് കമ്മിറ്റി യോഗം സംഘത്തിന്റെ അപേക്ഷ പരിഗണിച്ച് സംഘത്തിന് ഫീസ് പിരിവ് അവകാശം നല്കുന്നതിന് ഭരണ സമിതിയോട് ശുപാർശ ചെയ്യാൻ തീരുമാനിച്ചു. എന്നാൽ 22.9.21 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി യോഗം ഇക്കാര്യം ചർച്ച ചെയ്യുകയും സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനം റദ്ദാക്കുകയും മത്സ്യതൊഴിലാളി സൊസൈറ്റിക്ക് നല്കിയ ഫീസ് പിരിവ് അവകാശം നിർത്തിവയ്ക്കുന്നതിനും സ്റ്റിയറിംഗ് കമ്മിറ്റി അംഗങ്ങളും കക്ഷിനേതാക്കളും കൂടിയിരുന്ന് സമവായം ഉണ്ടാക്കുന്നതിനും അതിന് കഴിഞ്ഞില്ലെങ്കിൽ വീണ്ടും പഞ്ചായത്ത് കമ്മിറ്റി ചേർന്ന് അന്തിമതീരുമാനം എടുക്കുന്നതിനും തീരുമാനിച്ചു. എന്നാൽ കക്ഷിനേതാക്കളുടെ യോഗമോ ഇതു സംബന്ധിച്ച തുടർ തീരുമാനങ്ങളോ കൈക്കൊണ്ടിട്ടില്ലാത്തതിനാൽ ലേലം തൻവർഷം നടന്നിട്ടില്ല. ഇതു സംബന്ധിച്ച സ്റ്റിയറിംഗ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി യോഗ മിനിട്സ് ഹാജരാക്കുകയും ചെയ്തു.

പഞ്ചായത്ത് കമ്മിറ്റി മിനിട്സ് പ്രകാരം ഹാജരായിട്ടുള്ള അംഗങ്ങൾ സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനം നടപ്പാക്കുക, പുനർലേലം നടത്തുക, കക്ഷിനേതാക്കളുമായി സമവായം ഉണ്ടാക്കുക എന്നീ നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചിട്ടുള്ളത്. ലേലം വിളിച്ചയാൾക്ക് ലേലം ഉറപ്പിച്ച് നൽകുന്നതിനായി ആരുംതന്നെ നിർദ്ദേശിക്കുകയുണ്ടായില്ല. സെക്രട്ടറി ലേല നിബന്ധനകൾ യോഗത്തെ അറിയിക്കുകയോ തന്റെ അഭിപ്രായം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ലേലം ശ്രീ.തോമസ് എന്ന വ്യക്തിക്ക് നല്കിയ നടപടി പഞ്ചായത്ത് കമ്മിറ്റി റദ്ദ് ചെയ്തിട്ടില്ല.

പൊതുലേലം നടത്തുകയും മറ്റാരും ലേലത്തിൽ പങ്കെടുക്കാത്തതിനാൽ മുൻവർഷത്തെ ലേലത്തുകയായ 21000/- രൂപയുടെ ഇരട്ടി തുകയിൽ കൂടുതൽ ലേലം വിളിച്ച ഏക വ്യക്തിക്ക് ലേലം താൽക്കാലികമായി ഉറപ്പിച്ചുവെങ്കിലും ലേലക്കാരനുമായി കരാർ ചമയ്ക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചില്ല. ലേല നടപടികളിൽ പങ്കെടുത്തെങ്കിലും ലേലക്കാരൻ വിളിച്ചതിലും അധികരിച്ച തുക ലേലസമയത്ത് വിളിക്കാതെ പിന്നീട് അതിലും നാമമാത്രമായ തുക കൂട്ടി മേൽ സൊസൈറ്റി പഞ്ചായത്തിൽ അപേക്ഷനല്കി ലേല നടപടികൾ അട്ടിമറിക്കുകയും ലേലക്കാരനെ നോക്കുകുത്തിയാക്കുകയുമാണുണ്ടായത്. അപേക്ഷ ലഭിച്ച അന്നുതന്നെ സ്റ്റിയറിംഗ് കമ്മിറ്റി ചേർന്ന് തീരുമാനമെടുത്തതും ദുരൂഹമാണ്. തുടർന്ന് നടന്ന പഞ്ചായത്ത് കമ്മിറ്റി, സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനം റദ്ദ് ചെയ്തുവെങ്കിലും ഉചിതമായ തീരുമാനത്തിലൂടെ ഗ്രാമപഞ്ചായത്തിന്റെ വരുമാന നഷ്ടം ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചില്ല. പഞ്ചായത്ത് കമ്മിറ്റി തീരുമാനമനുസരിച്ച് കക്ഷിനേതാക്കളുമായി ചർച്ച നടത്തുകയോ മറ്റു തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തില്ല. ലേലം വിളിച്ചയാൾക്ക് ലേലം സ്ഥിരപ്പെടുത്തി നല്കുകയോ ചെയ്തില്ല. ഇതുമൂലം പഞ്ചായത്തിന് 43500/- രൂപ ഫീസ്

പിരിവിലും 5141/- രൂപ പത്രപരസ്യചാർജ് ഇനത്തിലുമായി (വൗച്ചർ നം. 22100495/ചെക്ക് നം. 250252/10.11.21) ആകെ 48641/- രൂപ നഷ്ടമായിട്ടുണ്ട്. നഷ്ടത്തുക ലേലനിബന്ധനകൾക്ക് വിരുദ്ധമായി തീരുമാനമെടുത്ത 22.9.21ലെ പഞ്ചായത്ത് കമ്മിറ്റിയിൽ ഹാജരായ അംഗങ്ങൾ, സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-15 കടത്ത് ലേലം -വൻതുകയ്ക്കുള്ള മുദ്രപ്പത്രം വാങ്ങിപ്പിക്കുകയും കരാർ തുക അധികമായി ഈടാക്കിയതും വഴി കരാറുകാരന് വൻതുക അധികച്ചെലവ്

11.2.21 ലെ സി.2-623/21 പരസ്യം പ്രകാരം ലേലം ക്ഷണിച്ചതിൽ ഏറ്റവും കൂടുതൽ തുകയായ 1321222/- രൂപ ക്വോട്ട് ചെയ്ത ശ്രീ. എം.എൻ.മഹേശന് കഴിഞ്ഞവർഷത്തെ തുകയിൽനിന്നും 10% തുക കൂട്ടി 1331000/- രൂപയ്ക്ക് ടിയാന്റെ സമ്മതത്തോടെ ലേലം ഉറപ്പിച്ചുനല്കി. 2018 ലെ കേരള സ്റ്റാമ്പ് ആക്ടിലെ ഭേദഗതി 4 (F) പ്രകാരം സേവനങ്ങൾക്ക് ഓരോ ആയിരം രൂപയ്ക്കും ഒരു രൂപ നിരക്കിലാണ് സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കേണ്ടത്. എന്നാൽ കരാറുകാരനിൽ നിന്നും 68150/- രൂപയുടെ മുദ്രപ്പത്രമാണ് വാങ്ങി സൂക്ഷിച്ചിട്ടുള്ളത്. ഈ ലേലത്തിനായി ആകെ 1331/- രൂപയുടെ മുദ്രപ്പത്രം മാത്രമാണ് ആവശ്യമായിട്ടുള്ളത്. കരാറുകാരനിൽ നിന്നും അധികമായി 64719/- രൂപയുടെ മുദ്രപ്പത്രം വാങ്ങിയിട്ടുണ്ട്.

കൂടാതെ കരാറുകാരനുമായി പ്രാഥമിക കരാറിലോ സ്ഥിരമായ കരാറിലോ ഏർപ്പെട്ടിട്ടുള്ളതായും കാണുന്നില്ല.

കരാർ തുക 1331000/- രൂപയായിരിക്കെ ഇ.എം.ഡി. ഉൾപ്പെടെ കരാറുകാരനിൽ നിന്നും 1351130/- രൂപ ഈടാക്കിയിട്ടുണ്ട്. അധികമായി 20130/- രൂപയാണ് ഈടാക്കിയത്.

ഇപ്രകാരം കരാറുകാരന് ആകെ 88280/- രൂപ അധികച്ചെലവ് ഉണ്ടാകുവാൻ ഇടയായതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15/30.8.22) കരാറുകാരനിൽ നിന്നും 5% മൂല്യമുള്ള മുദ്രപ്പത്രം വാങ്ങണമെന്ന ധാരണയുടെ അടിസ്ഥാനത്തിൽ സംഭവിച്ചതാണെന്നും തുടർന്നുള്ള വർഷങ്ങളിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള നിരക്കിൽ മാത്രം മുദ്രപത്രം വാങ്ങുന്നതാണെന്നും അധികതുക വാങ്ങിയത് കണക്കുകൂട്ടലിൽ വന്ന പിശകാണെന്നും പഞ്ചായത്തിനോ സർക്കാരിനോ നഷ്ടമൊന്നും വന്നിട്ടില്ലെന്നുമാണ് മറുപടി ലഭ്യമാക്കിയത്. ഇപ്രകാരം വൻതുകയ്ക്കുള്ള ഇടപാടുകളിൽ സർക്കാരിലേക്ക് തുക അടവാക്കുന്നത് സംബന്ധിച്ച നിരക്കുകൾ അറിവില്ലാത്തവർക്ക് അധികച്ചെലവ് ഉണ്ടാകാതെ നിയമപ്രകാരമുള്ള നിരക്കുകൾ അറിയിക്കേണ്ടത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തമാണ്.
കരാർ തുകയിൽ അധികരിച്ച് പഞ്ചായത്ത് ഈടാക്കിയിട്ടുള്ള 20310/- രൂപ കരാറുകാരന് തിരികെ നല്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-16 ലേലത്തുക 4000/- രൂപ ലഭ്യമാകാത്തതു സംബന്ധിച്ച്

2021ൽ നിയമസഭാ ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലവിലുള്ളതിനാൽ ലേല നടപടികൾ സാധ്യമല്ലാത്തതിനാൽ പൂച്ചാക്കൽ മാർക്കറ്റ് ഫീസ് പിരിവ്, 2021 ഏപ്രിൽ, മെയ് മാസങ്ങളിലേക്ക് മുൻവർഷത്തെ ലേലക്കാരനായ ശ്രീ. ചെല്ലപ്പൻ, കണ്ടത്തിച്ചിറ എന്നയാൾക്ക് മുൻവർഷത്തെ നിരക്ക് പൂർണ്ണമായും അടച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ടുതവണയായി ആകെ 6 മാസത്തേക്ക് നീട്ടി നല്കി. ഇപ്രകാരം നീട്ടി നല്കിയ കാലത്തേക്ക് അടവാക്കേണ്ട 12330/- രൂപയിൽ 8330/- രൂപ ടിയാൻ അടവാക്കിയിട്ടുണ്ട്. ബാക്കി 4000/- രൂപ അടവാക്കുന്നതിന് 14.9.21 ൽ ടിയാന് നോട്ടീസ് നല്കിയെങ്കിലും നാളിതുവരെ തുക അടവാക്കിയിട്ടില്ല എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് (നം.15/30.8.22) മറുപടി ലഭ്യമാക്കിയത്. തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 ഓഡിറ്റ് അന്വേഷണത്തെത്തുടർടന്ന് ഡി. & ഒ. ലൈസൻസ് എടുക്കുന്നതിനായി സ്ഥാപനങ്ങൾക്ക് അറിയിപ്പ് നല്കി

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന, പഞ്ചായത്തുമായി ദൈനംദിനം ഇടപാടുകൾ നടത്തുന്ന എല്ലാ അക്ഷയ കേന്ദ്രങ്ങളും, നിരവധി മെഡിക്കൽ സ്റ്റോറുകൾ, കള്ളുഷാപ്പുകൾ, ബേക്കറികൾ, റേഷൻ കടകൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ തുടങ്ങിയവയും ഡി & ഒ. ലൈസൻസ് നേടിയിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നല്കിയതിനെത്തുടർന്ന് ഓഡിറ്റ് വേളയിൽത്തന്നെ മേൽ സ്ഥാപനങ്ങൾക്ക് ഡി & ഒ. ലൈസൻസ് എടുക്കുന്നതിനായി നോട്ടീസ് നല്കുകയും ആയതിന്റെ പകർപ്പ് ഓഡിറ്റിൽ ഹാജരാക്കുകയുമുണ്ടായി. സ്ഥാപനങ്ങൾ ഡി & ഒ. ലൈസൻസ് എടുത്തത് സംബന്ധിച്ച വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
നിരവധി അപേക്ഷകർ ഡി & ഒ. ലൈസൻസിനായി അപേക്ഷിച്ചിട്ടുണ്ടെങ്കിലും ഫീസടച്ച് ലൈസൻസ് നേടിയിട്ടില്ല. ആയതിനാൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്നാണ് മനസ്സിലാക്കാവുന്നത്. അപേക്ഷ നല്കിയിട്ടുള്ള സ്ഥാപനങ്ങൾ ലൈസൻസ് നേടിയാണ് പ്രവർത്തിക്കുന്നതെന്ന് പഞ്ചായത്തധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.

## 1-18 പഞ്ചായത്തിന്റെ കടമുറികളുടെ വാടക -68190/- രൂപ കുടിശ്ശികയുള്ളത് സംബന്ധിച്ച്

സർക്കാർ ഉത്തരവ് നം. (കൈ) നം.115/21/ധന/30.9.21 പ്രകാരം കോവിഡ് സാഹചര്യത്തിൽ സർക്കാർ വക കെട്ടിടങ്ങളുടെ 6 മാസത്തെ വാടക ഇളവ് ചെയ്ത് നല്കിയിട്ടുണ്ട്. വാടക രജിസ്റ്റർ പ്രകാരം ബാക്കിയുള്ള 6 മാസത്തെ വാടകയിനത്തിൽ താഴെപ്പറയുന്ന കടമുറികൾ തുക അടവാക്കിയിട്ടില്ല.

| ക്രമ നം. | വാടകക്കാരൻ | വാടക | കുടിശ്ശിക തുക |
|---|---|---|---|
| 1 | കബീർ, കണ്ടനാട്ടുവെളി | 1182/- | 1182x6=7092/- |
| 2 | ദിനേശൻ, ആര്യത്തറ | 1183/- | 1183x6=7098/- |
| 3 | ജയ്സൺ, കിഴക്കേ കണ്ണംപറമ്പ് | 3000/- | 3000x6=18000/- |
| 4 | ജയ്സൺ, കിഴക്കേ കണ്ണംപറമ്പ് | 3000/- | 3000x6=18000/- |
| 5 | അശ്വേന്ദ്രൻ, കാട്ടുതറ | 3000/- | 3000x6=18000/- |
| | | ആകെ | 68190/- |

വാടകക്കാരിൽ നിന്നും കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/30.8.22), കുടിശ്ശിക അടവാക്കുന്നതിന് 17.3.22, 23.4.22 എന്നീ തീയതികളിലും പഞ്ചായത്ത് കമ്മിറ്റിയുടെ 20.8.22 ലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം പുനർലേല നടപടികൾ സ്വീകരിക്കുന്നതാണെന്ന് കാണിച്ച് അന്തിമ അറിയിപ്പ് 20.8.22 ൽ നല്കിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 പഞ്ചായത്ത് വക വാഹനത്തിന്റെ (KL32 M 1387) അറ്റകുറ്റപ്പണികൾ - ബിൽ ഹാജരാക്കാത്തതിനാൽ 8465/- രൂപ തടസ്സപ്പെടുത്തുന്നു.

വൗച്ചർ നം. 22100563/ചെക്ക് നം.250284/15.12.21 പ്രകാരം ഗ്രാമപഞ്ചായത്ത് വക വാഹനം 14.12.21 ൽ മഹീന്ദ്ര സർവ്വീസ് ഏജൻസിയായ വയലാറ്റ് ഓട്ടോമൊബൈൽസ്, മരടിൽ വാഹനത്തിന്റെ എഞ്ചിൻ ഹീറ്റ് ചെക്കിംഗിനായി 19099/- രൂപ ചെലവഴിച്ചിട്ടുണ്ട്. (ഏജൻസി ബിൽ നം.RO Bill No.RBV22A000986) എന്നാൽ 18.12.21 ൽ വീണ്ടും വാഹനത്തിന്റെ എഞ്ചിൻ ഹീറ്റ് ചെക്കിംഗിനായി വൗച്ചർ നം. 22100582/ചെക്ക് നം.250290/22.12.21 പ്രകാരം 8465/- രൂപ ചെലവഴിച്ചിട്ടുണ്ട്. രണ്ട് ദിവസങ്ങളിലും ടി ഏജൻസിയിൽ പോയതായി ലോഗ് ബുക്ക് പ്രകാരവും രേഖപ്പെടുത്തലുകൾ ഉണ്ട്. വാഹനം റിപ്പയർ ചെയ്ത് ലഭ്യമായതിനുശേഷം രണ്ടുദിവസങ്ങൾക്കുശേഷം വീണ്ടും അതേ റിപ്പയറിംഗിനായി ചെലവ് ചെയ്തിരിക്കുന്നു. കൂടാതെ 8465/- രൂപയുടെ വൗച്ചറിനൊപ്പം സ്ഥാപനത്തിന്റെ എസ്റ്റിമേറ്റ്/റിപ്പയർ ഓർഡർ കോപ്പി (നം. RO No.22A004839) മാത്രമാണുള്ളത്. ഇതു സംബന്ധിച്ചും പതിനായിരം രൂപയിൽ അധികരിക്കുന്ന അറ്റകുറ്റപ്പണികൾ നടത്തിയതിന് പി.ഡബ്ല്യു.ഡി മെക്കാനിക്കൽ ഡിവിഷനിലെ അസ്സി.എക്സി.എഞ്ചിനിയറുടെ സാക്ഷ്യപത്രം, ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ സംബന്ധിച്ചും

വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7/29.8.22), വണ്ടിയുടെ എഞ്ചിൻ ചൂടാവുന്നത് അടിയന്തിരമായി പരിശോധിക്കാനാണ് ഔദ്യോഗിക സർവ്വീസ് ഏജൻസിയായ VAYALAT എന്ന സ്ഥാപനത്തിൽ 13.12.21 ൽ കൊണ്ടുപോയതെന്നും അതോടൊപ്പം വണ്ടിയുടെ ഓയിൽ ലീക്കേജ് കൂടി പരിഹരിക്കേണ്ടിയിരുന്നെന്നും വാഹനം 16.12.2021 ൽ തിരികെ കൊണ്ടുവന്നുവെന്നും രണ്ടുദിവസം കഴിഞ്ഞപ്പോൾ ഓയിൽ ലീക്കേജ് വീണ്ടും ശ്രദ്ധയിൽപ്പെട്ടതിനാൽ 18.12.21 ൽ വീണ്ടും വാഹനം മേൽ സ്ഥാപനത്തിൽ കൊണ്ടുപോവുകയും വണ്ടിയുടെ തെർമോസ്റ്റാസ്റ്റ്, റേഡിയേറ്റർ Assy എന്നിവ അടിയന്തിരമായി മാറിയാൽ മാത്രമേ പ്രശ്നം പരിഹരിക്കാൻ കഴിയൂ എന്നതിനാൽ അതും ചെയ്തതിനുള്ള തുകയാണ് 8465/- രൂപ ചെലവഴിച്ചിട്ടുള്ളതെന്നും ആയതിന്റെ ബിൽ ഹാജരാക്കുന്നുവെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. വാഹനം 19099/- രൂപ ചെലവഴിച്ച് റിപ്പയർ ചെയ്തതിനു ശേഷം രണ്ടുദിവസത്തിനുശേഷം വീണ്ടും Oil Leakage ശ്രദ്ധയിൽപ്പെട്ടു എന്നാണ് മറുപടിയിൽ ഉള്ളത് രണ്ടു ദിവസത്തിനുള്ളിൽ വീണ്ടും ഒരേ അപാകത വന്നതിനാൽ വാഹനം റിപ്പയർ ചെയ്തതിന് തുക നല്കേണ്ട ആവശ്യമില്ല. മേൽ അപാകത ആദ്യ

റിപ്പയറിംഗിൽ പരിഹരിക്കാത്തത് സംബന്ധിച്ച് ലോഗ്ബുക്കിൽ രേഖപ്പെടുത്തലുകളൊന്നുംതന്നെയില്ല. മേൽ അപാകത പരിഹരിച്ചിട്ടില്ല എന്ന വിവരം ഡ്രൈവർ പഞ്ചായത്തിനെ അറിയിക്കുകയും ചെയ്തിട്ടില്ല. കൂടാതെ, പഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയോടൊപ്പം ഹാജരാക്കിയിട്ടുള്ളത് വൗച്ചറിനൊപ്പം സൂക്ഷിച്ചിട്ടുള്ള എസ്റ്റിമേറ്റ് തന്നെയാണ്. മാറിയ സ്പെയർപാർട്സുകളുടെ വിവരം, ചെയ്ത ജോലി എന്നിവ രേഖപ്പെടുത്തിയ ബിൽ ഹാജരാക്കിയിട്ടില്ല. വാഹനം റിപ്പയർ ചെയ്ത 8465/- രൂപയുടെ ബിൽ ഹാജരാക്കുന്നതുവരെ 8465/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 പത്രപ്പരസ്യത്തിന് അധികച്ചെലവ് - 6605/- രൂപ നഷ്ടം

പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്-ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ ആന്റ് പി ആർ. 21.06.04-ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24 ച.സെ.മീ. വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ നടത്തിയ ടെൻഡർ, റീ ടെൻഡർ, വാങ്ങലുകൾക്ക് പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ അധിക ചെലവുണ്ടായിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതികളുമായി ബന്ധപ്പെട്ട് ടെൻഡറുകളും റീ ടെൻഡറുകളും, നടത്തുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം. | തുക | ചെക്ക് നം. | പരസ്യ അളവ് | പത്രം/ബിൽ നം. | പരസ്യ നിരക്ക്(പരസ്യപേജ്)/ ഒരു എഡിഷൻ |
|---|---|---|---|---|---|
| 22100357/29.9.21 | 13566/- | 250217 | 8 X 10= $80cm^2$ | മാതൃഭൂമി/92976 /17.2.21 | 100 (പേജ്-2) & 90 (പേജ്-9) |
| 22100496/10.11.21 | 14212/- | 250253 | 11 X 8= $88cm^2$ | - ടി - *130208/*28.2.20 | 100 (പേജ്-2) & 90(പേജ്-11) |
| 22100495/10.11.21 | 5141/- | 250252 | 4 X 8= $32cm^2$ | ദേശാഭിമാനി/0657 /3.9.21 | 180(പേജ്-4) |
| 22100587/23.12.21 | 9818/- | 250291 | 8 X 5= $40cm^2$ | മാതൃഭൂമി/71087 /20.11.21 | 275(പേജ്-9) |
| 22100588/23.12.21 | 5141/- | 250292 | 8 X 4= $32cm^2$ | ദേശാഭിമാനി/1374 /16.12.21 | 180(പേജ്-9) |
| 22100667/31.1.22 | 5141 | 521737 | 8 X 4= $32cm^2$ | ദേശാഭിമാനി/1374 /8.12.21 | 180(പേജ്-8) |

സർക്കാർ ഉത്തരവ് പ്രകാരമല്ലാതെ പരസ്യം പ്രസീദ്ധീകരിച്ചത് വഴി അധികച്ചെലവ് ഉണ്ടായതിനും പരസ്യ നിരക്കിൽ വലിയവ്യത്യാസം ഉണ്ടായതിനും വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/21-22 /29.8.22) ഗ്രാമപഞ്ചായത്ത് മറുപടി നല്കിയതിന് വിവരങ്ങളും ഉൾക്കൊള്ളിച്ചുതന്നെ നിബന്ധനകൾ മനസ്സിലാക്കി ടെൻഡറിൽ വ്യക്തികൾ പങ്കെടുക്കണം എന്ന് പഞ്ചായത്ത് കമ്മിറ്റിയിൽ നിർദ്ദേശം ഉയർന്നതിന്റെ അടിസ്ഥാനത്തിലും മാർക്കറ്റ് ഫീസ്, ടോയ്‌ലറ്റ് നടത്തിപ്പ് കടത്ത് എന്നിവ എൽ.എസ്.ജി.ഡി. സന്ദർശിക്കുന്നവരേക്കാൾ പ്രദേശവാസികൾ വിവരങ്ങൾ അറിഞ്ഞ് ടെൻഡറിൽ പങ്കെടുക്കണം എന്ന സദുദ്ദേശപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും ഇങ്ങനെ പരസ്യം നല്കിയതിനാൽ പിന്നീട് റീടെൻഡർ, ക്വട്ടേഷൻ എന്നീ നടപടികളിലേക്ക് കടക്കാതെയും അങ്ങനെ ഉണ്ടാകുവാൻ സാധ്യതയുള്ള അധികച്ചെലവും കുറയ്ക്കുവാൻ സാധിക്കുമെന്നും എന്നാൽ വിൻഡോ പരസ്യം നല്കിയ അവസരങ്ങളിലെല്ലാം റീടെൻഡർ, ക്വട്ടേഷൻ തുടങ്ങി പലതവണ പരസ്യം നല്കേണ്ടി വന്നിട്ടുണ്ട് എന്നുമാണ് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയത്.

എന്നാൽ അധിക നിരക്ക് നല്കിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയില്ല. മാതൃഭൂമി ദിനപത്രത്തേക്കാൾ കുറവ് സർക്കുലേഷനുള്ള ദേശാഭിമാനി ദിനപത്രം ഉൾപ്പേജിൽ പരസ്യം നല്കുന്നതിന് 180/- രൂപ ഈടാക്കുമ്പോൾ മാതൃഭൂമി ദിനപത്രത്തിൽ 90/- രൂപ മാത്രമാണ് നിരക്ക്. എന്നാൽ മാതൃഭൂമി ദിനപത്രത്തിൽ 29.9.21, 10.11.21 തീയതികളിൽ 9-ാം പേജിൽ പരസ്യം നല്കിയതിന് 90/- രൂപ നിരക്കും 23.12.21 ൽ 275/- രൂപ നിരക്കുമാണ് ഈടാക്കിയിട്ടുള്ളത്. ഇതുവഴി ഉണ്ടായ അധികച്ചെലവ് താഴെ ചേർക്കുന്നു.

| വൗച്ചർ നം. | പരസ്യ അളവ് | തുക |
|---|---|---|
| ബിൽ (മാതൃഭൂമി/71087/20.11.21) | 8x5=$40cm^2$ | 40x275 |

| | | |
|---|---|---|
| പ്രകാരം നല്കിയ തുക (വൗച്ചർ നം.22100587/23.12.21) | | =11000-1650(15% ട്രേഡ് ഡിസ്കൗണ്ട്) =9350 + 468 (5% GST) = 9818/- |
| മുൻ നിരക്കുകൾ പ്രകാരം നല്കേണ്ട തുക | 8x5=40cm$^2$ | 40x90 =3600-540(15% ട്രേഡ് ഡിസ്കൗണ്ട്) =3060 + 153 (5% GST) = 3213/- |
| അധികം നല്കിയ തുക (9818-3213) | | 6605/- |

അധിക നിരക്ക് ഈടാക്കിയത് മാതൃഭൂമി ദിനപ്പത്രത്തിൽ നിന്നും തിരികെ ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തുക ലഭ്യമാകാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്. 6605/- രൂപ നിരാകരിക്കുന്നു.

തദ്ദേശവകുപ്പിന്റെ 15744/ആർ.ഡി.1/07/തസ്വഭവ., തീ.8.12.2009 പ്രകാരം പത്രപരസ്യങ്ങൾ പബ്ലിക് റിലേഷൻസ് വകുപ്പ് ലഭ്യമാക്കുന്ന പത്രങ്ങളുടെ ലിസ്റ്റിൽ നിന്നും റൊട്ടേഷൻ അടിസ്ഥാനത്തിൽ നല്കേണ്ടതും പരസ്യചാർജ് പബ്ലിക് റിലേഷൻസ് വകുപ്പ് നിശ്ചയിച്ചിട്ടുള്ള നിരക്കിലുമാണ് നല്കേണ്ടത്. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കുന്നതായി കാണുന്നില്ല.

## 1-21 സാമൂഹ്യക്ഷേമ പെൻഷനുകൾ - അപാകതകൾ സംബന്ധിച്ച്

1. മരണപ്പെട്ടവർക്കും സാമൂഹ്യക്ഷേമ പെൻഷൻ നല്കിവരുന്നു.

ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷൻകാർക്ക് നിലവിലും പെൻഷൻ നല്കിവരുന്നു. ഏതാനു ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷനറുടെ പേര് | ആധാർ നം. | മരണം നടന്ന തീയതി | രജിസ്റ്റർ ചെയ്ത തീയതി | തുക നല്കിയത് | നിരക്ക് |
|---|---|---|---|---|---|---|
| 1 | അയ്യപ്പൻ.എ., ഫിഷർമെൻ കോളനി | 795521423352 | 27.5.21 | 10.8.21 | 8/22 | 600/- |
| 2 | കുഞ്ഞമ്മ, അപ്പക്കത്തറ | 771985060681 | 04.7.21 | 16.8.21 | 8/22 | 1600/- |
| 3 | യശോദ, കണ്ടത്തിൽത്തറ | 297988477347 | 26.8.21 | 15.9.21 | 6/22 വരെ കൈപ്പറ്റി 8/22വരെ ബാങ്കിൽ നല്കി | 1600/- |
| 4 | ശാന്ത, കുന്നംപുറം | 733050986865 | 26.7.21 | 15.9.21 | 8/22 | 1600/- |
| 5 | ഔസേഫ്, കോട്ടാംതുരുത്ത് | 300624684173 | 13.10.21 | 22.10.21 | 12/21 | 1600/- |
| 6 | അപ്പുക്കുട്ടൻപിള്ള | 951837673593 | 23.9.21 | 28.10.21 | 8/22 | 1600/- |

ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് മുകളിൽ ചേർത്തിട്ടുള്ളത്. പല മരണ റിപ്പോർട്ടുകളിലും അനുബന്ധമായി ആധാർ വിവരങ്ങൾ/പെൻഷൻ ഐ.ഡി. ചേർക്കാത്തതിനാൽ മരണമടഞ്ഞത് പെൻഷണറാണോ എന്ന് മനസ്സിലാക്കാൻ കഴിയുന്നില്ല.

2. മുൻവർഷങ്ങളിൽ മരണമടഞ്ഞവർക്കും പെൻഷൻ നല്കിവരുന്നതായി കാണുന്നു.

| ക്രമ നം. | പെൻഷനറുടെ പേര് | ആധാർ നം. | മരണം നടന്ന തീയതി | രജിസ്റ്റർ ചെയ്ത തീയതി | തുക നല്കിയത് | നിരക്ക് |
|---|---|---|---|---|---|---|
| 1 | കുഞ്ഞമ്മ, വടക്കേഅറ്റത്ത് | 748504207954 | 03.12.20 | 05.01.21 | 8/22 | 1600/- |

3. പല മരണങ്ങളും പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യാത്തതുമൂലം പെൻഷൻ നല്കിവരുന്നതായും മനസ്സിലാക്കുന്നു.

ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.33/2.9.22) ലഭ്യമാക്കിയ മറുപടിയിൽ Sevana Software ൽ Option Enable ആകുന്ന മുറയ്ക്ക് റദ്ദ് ചെയ്ത് വിവരം അറിയിക്കുന്നതാണെന്നും പെൻഷൻ ഇനത്തിൽ അധികമായി നല്കിയ തുക അവകാശികളിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

മുകളിൽ സൂചിപ്പിച്ചിട്ടുള്ളവർ കൂടാതെ മരണമടഞ്ഞ നിരവധി പേർക്ക് പെൻഷൻ നല്കി വരുന്നുണ്ട്. അനർഹർ പെൻഷൻ കൈപ്പറ്റുന്നില്ല എന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതും അനർഹർക്ക് നല്കി വരുന്ന പെൻഷൻ റദ്ദ് ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-22 പി.എച്ച്.സി. - മരുന്നുകൾ ലഭ്യമാകാത്തത് സംബന്ധിച്ച്

1. പി.എച്ച്.സി.- സ്വാന്തന പരിചരണം - മരുന്നുകൾ ലഭ്യമാകാത്തത് സംബന്ധിച്ച്

പ്രോജക്ട് നം.36/21-22

അടങ്കൽ - 960000/- (800000-പൊതുവിഭാഗം- സാധാരണവിഹിതം)

160000/- ബ്ലോക്ക് വിഹിതം)

ചെലവ് - 799999/-

ട്രഷറി ബിൽ നം.9/30.11.2021 പ്രകാരം 100000/- രൂപ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നല്കിയിരിക്കുന്നതിൽ 28000/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ബാക്കി 72000/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിൽ അറിയിക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/30.8.22) മറുപടി ഹാജരാക്കിയിട്ടില്ല. 72000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്നമുറയ്ക്ക് ബില്ലുകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 കോവിഡ് പ്രതിരോധ പ്രവർത്തനത്തിനായി ആംബുലൻസ് വാടകയ്ക്കെടുക്കൽ -

2021-22 വർഷം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കോവിഡ് രോഗികളെ ഡി.സി.സിയിലേയ്ക്കും ആശുപത്രിയിലേയ്ക്കും എത്തിക്കുന്നതിനായി ആംബുലൻസ് വാടകയ്ക്കെടുക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിനെ തുടർന്ന് ലഭിച്ച ക്വട്ടേഷനുകളും ക്വോട്ട് ചെയ്ത നിരക്കും താഴെകൊടുക്കുന്നു.

| ക്രമ നം | ക്വട്ടേഷൻ സമർപ്പിച്ച വ്യക്തി/സ്ഥാപനം | വാഗ്ദാനം ചെയ്ത സേവനവും നിരക്കും | ആകെ മിനിമം നിരക്ക് |
|---|---|---|---|
| 01 | അനിൽ കുമാർ, വടക്കേ കണ്ണാട്ട് | രാവിലെ 8മുതൽ വൈകിട്ട് 6വരെ സർവ്വീസ് നടത്തുന്നതിന് ആദ്യത്തെ 10 കിലോമീറ്ററിന് 600 രൂപയും 800 രൂപ ബാറ്റയും തുടർന്നുള്ള ഓരോ കിലോമീറ്ററിന് 17 രൂപ. നൈറ്റ് സർവ്വീസ് നടത്തിയാലും ഇതുതന്നെയായിരിക്കും നിരക്കും നിബന്ധനകളും. കൂടാതെ ഡീസൽ അടിക്കുന്നതിന് അഡ്വാൻസായി 20,000/- നൽകേണ്ടതാണ്. ഓക്സിജൻ റീഫില്ലിംഗിന് ഓരോ തവണയും 300/- രൂപവീതം. | 24 മണിക്കൂർ സേവനത്തിന് മിനിമം ചാർജ് ആകെ 2800/- (മിനിമം 20 Km) |
| 02 | മെൽബിൻ | രാവിലെ 8.30 മുതൽ വൈകിട്ട് 6 വരെ സർവ്വീസ് നടത്തുന്നതിന് മിനിമം ചാർജ് 600 രൂപയും 800 രൂപ ബാറ്റയും തുടർന്നുള്ള ഓരോ കിലോമീറ്ററിന് 18 രൂപ. രാത്രി സർവ്വീസ് നടത്തുന്നതിന് കിലോമീറ്ററിന് 18 രൂപയും 800 രൂപ ബാറ്റയും. ഡീസൽ അടിക്കുന്നതിന് അഡ്വാൻസായി 20,000/- നൽകേണ്ടതാണ്. (മിനിമം കിലോമീറ്റർ എത്രയെന്ന് ക്വട്ടേഷനിൽ വ്യക്തമാക്കിയിട്ടില്ല.) | 24 മണിക്കൂർ സേവനത്തിന് മിനിമം ചാർജ് ആകെ 2200/- |

| | | | |
|---|---|---|---|
| 03 | ഹാരീസ്, മർഹബ ആംബുലൻസ് സർവ്വീസ്, പറയകാട്. | 24 മണിക്കൂർ സേവനത്തിന് ആദ്യത്തെ 110 കിലോമീറ്ററിന് 2500/- തുടർന്നുള്ള ഓരോ കിലോമീറ്ററിനും 18 രൂപ. സേവനത്തനായി അറിയിപ്പ് ലഭിച്ച് പരമാവധി 20 മിനിട്ടിനുള്ളിൽ സേവനം നൽകുന്നതാണ്. | 24 മണിക്കൂർ സേവനത്തിന് മിനിമം ചാർജ് ആകെ 2500/- (മിനിമം 110 Km) |

1) കുറഞ്ഞ തുകയുടെ ക്വട്ടേഷൻ ഒഴിവാക്കി കൂടിയ നിരക്ക് അംഗീകരിച്ചു.

ആംബുലൻസ് സർവ്വീസുമായി ബന്ധപ്പെട്ട് ലഭിച്ച ക്വട്ടേഷനുകൾ പരിശോധിച്ചതിൽ, 24 മണിക്കൂർ സേവനത്തിന് ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്തിരിക്കുന്നത് മർഹബ ആംബുലൻസ് സർവ്വീസ് ആണ്. രണ്ടാമത്തെ കുറഞ്ഞ തുക രേഖപ്പെടുത്തിയിട്ടുള്ളത് മെൽബിൻ എന്ന വ്യക്തിയാണ്. എന്നാൽ ഇവരുടെ ക്വട്ടേഷനുകൾ ഒഴിവാക്കി ഏറ്റവും കൂടിയ നിരക്ക് ക്വോട്ട് ചെയ്ത അനിൽ കുമാറിനാണ് കരാർ നൽകിയത്. ഇതുസംബന്ധിച്ച കമ്മിറ്റി തീരുമാനവും പഞ്ചായത്ത് പുറപ്പെടുവിച്ച ക്വട്ടേഷൻ നോട്ടീസും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ക്വട്ടേഷൻ പ്രകാരം ആംബുലൻസ് സർവ്വീസ് നടത്തിയാലും ഇല്ലെങ്കിലും ഓരോ ദിവസവും ടിയാന് 2800/- (പകൽ -1400/-, രാത്രി- 1400/-) നൽകേണ്ടതാണ്. സർവ്വീസ് നടത്തുന്ന ദിവസങ്ങളിൽ ആദ്യത്തെ 20KM കഴിഞ്ഞാൽ അധികം ഓടുന്ന ദൂരത്തിന് കിലോമീറ്ററിന് 17 രൂപ നിരക്കിൽ അധികം നൽകേണ്ടതാണ്. എന്നാൽ മർഹബ ആംബുലൻസ് സർവ്വീസ് ആദ്യത്തെ 110 കിലോമീറ്ററിനാണ് 2500/- രൂപ ക്യോട്ട് ചെയ്തിരിക്കുന്നത്. അറിയിപ്പ് ലഭിച്ച് പരമാവധി 20 മിനിട്ടിനുള്ളിൽ സേവനം നൽകുന്നതാണ് എന്നത് മാത്രമാണ് സ്ഥാപനം ക്വട്ടേഷനിൽ വച്ചിരുന്ന ഏക നിബന്ധന. ആയത് ചർച്ച ചെയ്ത് സമവായത്തിൽ എത്തുവാൻ ശ്രമിച്ചതായി രേഖയില്ല. മെൽബിൻ എന്നയാൾ 24 മണിക്കൂർ സേവനത്തിന് മിനിമം ചാർജ് ആയി ക്യോട്ട് ചെയ്തിരിക്കുന്നത് 2200/- രൂപയാണ്.

കരാർ ലഭിച്ച അനിൽ കുമാറിന് ഒരു ദിവസം 110KM സർവ്വീസ് നടത്തുന്നതിന് 4330 രൂപ (2800+17x90) നൽകേണ്ടതായി വന്നിട്ടുണ്ട്. എന്നാൽ മർഹബ ആംബുലൻസ് സർവ്വീസസിന് ആദ്യത്തെ 110 കിലോമീറ്ററിന് 2500/- രൂപ മാത്രം നൽകിയാൽ മതിയായിരുന്നു. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും ഡി.സി.സിയിൽ നിന്നുമുള്ള രോഗികളെ പ്രധാനമായും 30KM ദൂരെയുള്ള ചേർത്തല താലൂക്ക് ആശുപത്രിയിൽ കൊണ്ടുപോകുന്നതിനാണ് ആംബുലൻസ് ഉപയോഗിക്കുന്നത് എന്നിരിക്കെ ടി സ്ഥാപനവുമായി കൂടിയാലോചന നടത്തി മിനിമം കിലോമീറ്റർ പരിധി കുറയ്ക്കുന്നതിനും അതുവഴി നിരക്ക് വീണ്ടും കുറയ്ക്കുന്നതിനും സാധിക്കുമായിരുന്നു. എന്നാൽ ഇതൊന്നും പരിഗണിക്കാതെ അനിൽ കുമാറിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.

2) പഞ്ചായത്തിന്റെ ഉത്തമ താല്പര്യത്തിന് വിരുദ്ധമായി കരാറിലേർപ്പെട്ടു -

ശ്രീ.അനിൽ കുമാർ സമർപ്പിച്ച ക്വട്ടേഷൻ പ്രകാരം രാവിലെ 8 മുതൽ വൈകിട്ട് 6 വരെ സർവ്വീസ് നടത്തുന്നതിന് ആദ്യത്തെ 10 കിലോമീറ്ററിന് മിനിമം ചാർജ്ജായി 600 രൂപയും 800 രൂപ ബാറ്റയും തുടർന്നുള്ള ഓരോ കിലോമീറ്ററിന് 17 രൂപയുമാണ് നൽകേണ്ടത്. ക്വട്ടേഷൻ പ്രകാരം രാത്രി ആംബുലൻസ് സർവ്വീസ് നടത്തുന്ന ദിവസങ്ങളിൽ ഇതേ നിരക്കിൽ ടിയാന് തുക നൽകാവുന്നതാണ്. എന്നാൽ എഗ്രിമെന്റിൽ ഏർപ്പെടുന്നതിനുമുമ്പ് ശ്രീ.അനിൽ കുമാറുമായി കൂടിയാലോചനകൾ നടത്തി നിരക്കിൽ കുറവ് വരുത്തുവാൻ ശ്രമിക്കാതെ ടിയാൻ ക്വട്ടേഷനിൽ സൂചിപ്പിച്ച നിബന്ധനകൾ അതേപടി അംഗീകരിച്ച് ടിയാനുമായി എഗ്രിമെന്റിൽ (നം- എ1/1919/2021 Dt 11/05/2021) ഏർപ്പെടുകയാണ് ചെയ്തിട്ടുള്ളത്. എഗ്രിമെന്റിലെ പ്രധാനപ്പെട്ട വ്യവസ്ഥകൾ താഴെ കൊടുക്കുന്നു.

ഖണ്ഡിക – 1) കരാറിൽ ഏർപ്പെടുന്ന സമയം മുതൽ ആംബുലൻസ് മുഴുവൻ സമയത്തും പഞ്ചായത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.

ഖണ്ഡിക –2) രാവിലെ 8 മുതൽ വൈകിട്ട് 6 വരെ വാഹന വാടകയായി 600/- രൂപയും ഡ്രൈവർ ബാറ്റ 800/- രൂപയും ലഭിക്കുന്നതിന് ഒന്നാം കക്ഷിയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

ഖണ്ഡിക –3) വൈകിട്ട് 6 മുതൽ അടുത്ത ദിവസം രാവിലെ 6 വരെ വാഹന വാടകയായി 600/- രൂപയും ഡ്രൈവർ ബാറ്റ 800/- രൂപയും ലഭിക്കുന്നതിന് ഒന്നാം കക്ഷിയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്..

ആംബുലൻസ് മുഴുവൻ സമയത്തും പഞ്ചായത്തിൽ ഉണ്ടായിരിക്കേണ്ടതാണെന്ന് ഖണ്ഡിക – 1-ൽ പറഞ്ഞിട്ടുണ്ടെങ്കിലും രാവിലെ 6 മുതൽ 8 വരെയുള്ള സമയത്തെ ഡ്യൂട്ടിയിൽ നിന്നും ടിയാനെ ഒഴിവാക്കിയാണ് എഗ്രിമെന്റ് തയ്യാറാക്കിയിട്ടുള്ളത് (ഖണ്ഡിക 2,3).

ഗ്രാമപഞ്ചായത്ത് ടിയാനുമായി കരാർ ചമച്ചപ്പോൾ പകലും രാത്രിയും ആംബുലൻസ് ഓടിയാലും ഇല്ലെങ്കിലും മിനിമം 2800/- രൂപ നൽകണമെന്ന വ്യവസ്ഥയാണ് ഉൾപ്പെടുത്തിയത് (എഗ്രിമെന്റ് ഖണ്ഡിക 1,2,3). ആംബുലൻസ് പേയ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, ഭൂരിപക്ഷം ദിവസങ്ങളിലും വൈകുന്നേരം 6 മണിക്ക് ശേഷം സർവ്വീസ് നടത്തിയിട്ടില്ല. എന്നാൽ ടി ദിവസങ്ങളിലും ടിയാന് 2800/- മിനിമം ചാർജ് നൽകിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സർവ്വീസ് നടത്തിയ | രജിസ്റ്റർ പ്രകാരം സർവ്വീസ് നടത്തിയതിന്റെ വിവരം | ഓടിയ ദൂരം (Km) | നൽകിയ തുക |
|---|---|---|---|---|

| | തീയതി | | | |
|---|---|---|---|---|
| 04 | 24/05/2021 | വണ്ടാനം മെഡിക്കൽ കോളേജ് (3.17pm - 6pm) | 98 | 4126 |
| 05 | 26/05/2021 | ചേർത്തല താലൂക്ക് ആശുപത്രി (3.50pm – 5.10pm) | 32 | 3004 |
| 07 | 30/05/2021 | ചേർത്തല താലൂക്ക് ആശുപത്രി (2.53pm – 4.30pm) | 31 | 2987 |
| 08 | 01/06/2021 | കോവിഡ് കെയർ സെന്റർ മണപ്പുറം (12pm-1.15pm & 3.39pm – 5.30pm) | 29 | 2953 |
| 09 | 02/06/2021 | ചേർത്തല താലൂക്ക് ആശുപത്രി (9.37pm –) | 29 | 2952 |

3) ആംബുലൻസ് ഓടാത്ത ദിവസങ്ങളിലും രണ്ട് വാടകയും ബാറ്റയും.

ആംബുലൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, 12/05/2021 മുതൽ 03/11/2021 വരെയുള്ള 176 ദിവസങ്ങളിൽ 56 ദിവസങ്ങളിലും ആംബുലൻസ് സർവ്വീസ് നടത്തിയിട്ടില്ല. എന്നാൽ ടി ദിവസങ്ങളിൽ ഡ്രൈവർക്ക് വാഹന വാടക, ബാറ്റ എന്നീയിനങ്ങളിൽ ഓരോ ദിവസവും 2800/- രൂപവീതം നൽകിയിട്ടുണ്ട്. വാഹനം ഓടാത്ത ദിവസങ്ങളിൽ ചാർജ് കുറയ്ക്കുന്നതിന് വ്യവസ്ഥകളൊന്നും കരാറിൽ ഉൾപ്പെടുത്തിയില്ല. കോവിഡിന്റെ തീവ്രത കുറയുന്നതനുസരിച്ച് നിയന്ത്രണങ്ങളിൽ ഇളവ് വരുത്തുകയും കോവിഡ് ഡ്യൂട്ടിയിലുള്ള ജീവനക്കാരുടെ ഡ്യൂട്ടി പുന.ക്രമീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുള്ളതാണ്. കോവിഡിന്റെ തീവ്രത കുറഞ്ഞതുമൂലം രോഗികളുടെ എണ്ണം കുറഞ്ഞതിനാലും 01/10/2021 മുതൽ 03/11/2021 വരെയുള്ള അവസാനത്തെ 34 ദിവസങ്ങളിൽ 20 ദിവസവും ആംബുലൻസ് സർവ്വീസ് നടത്തിയിട്ടില്ല. കോവിഡ് വ്യപനം കുറഞ്ഞതിനെ തുടർന്ന് 11/05/2021ൽ ഒപ്പിട്ട കരാർ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനോ കരാറിൽ ആവശ്യമായ ഭേദഗതി വരുത്തി ചെലവ് കുറയ്ക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടില്ല. തന്മൂലം ആംബുലൻസ് ഓടാത്ത ദിവസങ്ങളിലും രണ്ട് വാടകയും രണ്ട് ബാറ്റയും നൽകുന്നതിന് ഇടയായി.

4) ആംബുലൻസ് ഡ്രൈവർക്ക് തുക അധികം നൽകി.

ആംബുലൻസ് ഡ്രൈവറായ ശ്രീ.അനിൽ കുമാറിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ടിയാനുമായി എഗ്രിമെന്റിൽ (നം- എ1/1919/2021 Dt 11/05/2021 ഏർപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 12/05/2021 മുതൽ 03/11/2021 വരെ ആംബുലൻസ് സർവ്വീസ് നടത്തിയതിന് ടിയാന് പ്രോജക്ട് നം 48/22, 62/22 എന്നീ പ്രോജക്ടുകളിൽ നിന്ന് താഴെപറയുന്ന ബില്ലുകൾ പ്രകാരം 5,79,951/- രൂപയും തനത് ഫണ്ടിൽ നിന്ന് മുൻകൂറായി നൽകിയ 20,000/- രൂപ ഉൾപ്പെടെ 5,99,951 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ, 12/05/2021 മുതൽ 03/11/2021 വരെ നടത്തിയ സർവ്വീസിന് 5,73,407/- രൂപയാണ് ഡ്രൈവർക്ക് നൽകാവുന്നത്. ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 06/2021-22) ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിലും ടി തുക മാത്രമാണ് നൽകിയതായി അറിയിച്ചിട്ടുള്ളത്. ആയതിനാൽ അധികം നൽകിയ 26544/- രൂപ (5,99,951 – 5,73,407) പലിശ സഹിതം ടിയാനിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം അധികച്ചെലവിന് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ചെലവ് വിവരം.

അഡ്വാൻസ് – 20,000/- (തനത് ഫണ്ട്)

ബിൽ നം 04/27.5.2021 – 52477/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ബിൽ നം 10/16.6.2021 – 49430/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ബിൽ നം 26/7.8.2021 – 183065/- (വികസന ഫണ്ട് ജനറൽ)

ബിൽ നം 119/27.11.2021 – 268435/- (വികസന ഫണ്ട് ജനറൽ)

ബിൽ നം 120/27.11.2021 – 26544/-(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ആകെ തുക - 5,99,951/-

കുറഞ്ഞ ക്വട്ടേഷൻ അംഗീകരിക്കാതിരുന്നതുമൂലവും ദീർഘ വീക്ഷണത്തോടെ കരാർ ചമയ്ക്കുന്നതിലെ വീഴ്ചയും മൂലം ആംബുലൻസ് സർവ്വീസിനായി പദ്ധതി വിഹിതത്തിൽ നിന്നും ആവശ്യത്തിലധികം തുക ചെലവഴിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. ഇതുസംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി തുടർനടപടി സ്വീകരിക്കുന്നതിന് ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## 1-24 സ്മാർട്ട് ഗാർബേജ് ബാഗ് മോണിട്ടറിംഗ് സിസ്റ്റം - പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടില്ല.

ശുചിത്വ മിഷന്റെ ഹരിത മിത്രം സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തി കെൽട്രോണിന്റെ സഹായത്തോടെ ഹരിത കർമ്മസേനയുടെ നേതൃത്വത്തിലുള്ള മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് തൻവർഷം ആവിഷ്കരിച്ച സ്മാർട്ട് ഗാർബേജ് ബാഗ് മോണിട്ടറിംഗ് സിസ്റ്റം എന്ന പദ്ധതിയുടെ നിർവ്വഹണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് കെൽട്രോണും ശുചിത്വ മിഷനുമായി 19.3.2022ൽ ഒരു ത്രികക്ഷി കരാറിൽ ഏർപ്പെടുകയുണ്ടായി. കരാറിലെ നിബന്ധന പ്രകാരം പദ്ധതിയുടെ മേൽനോട്ടം, സർവ്വീസ് ചാർജ്, എസ്.എം.എസ് ചാർജ് എന്നിവയ്ക്കായി കെൽട്രോണിന് വികസന ഫണ്ടിൽ നിന്നും 1,42,900/- രൂപ (ബിൽ നം 254/24.03.2022) നൽകിയിട്ടുണ്ട്. പദ്ധതി നാളിതുവരെ ആരംഭിച്ചിട്ടില്ലെന്നാണ് പദ്ധതിയുടെ തൽസ്ഥിതി വിവരം രേഖാമൂലം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 28/01.09.2022) മറുപടി നൽകിയത്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കാത്ത സാചര്യത്തിൽ കെൽട്രോണിന് നൽകിയ 1,42,900/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ - ലഭിക്കാത്ത മരുന്നിന്റെ തുക തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ (പ്രോ.നം 43/22) എന്ന പ്രോജക്ട് പ്രകാരം ഹോംകോയുടെ പ്രൊഫോർമ ഇൻവോയ്സ് നം PF-981/ 17.11.2021 പ്രകാരം പദ്ധതി വിഹിത്തിൽ നിന്നും 4,00,000/- രൂപ പിൻവലിച്ച് ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. ഇൻവോയ്സ് നമ്പർ LF-217/23.6.2022 പ്രകാരം 2,06,334/- രൂപയുടെ മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി. ഹോംകോയിൽ നിന്നും ഇനിയും ലഭിക്കുവാനുള്ള 1,93,666/- രൂപയുടെ മരുന്ന് ലഭിക്കുന്നമുറയ്ക്ക് ആയതിന്റെ ഇൻവോയ്സ്, സ്റ്റോക്ക്, വിതരണ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. മരുന്ന് ലഭ്യമാകാത്ത സാഹചര്യത്തിൽ 1,93,666/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം.
ബിൽ നം 232/ 21.03.2022 – തുക 4,00,000/-

## 1-26 പ്രോജക്ട് നടപ്പാക്കിയില്ല

കോവിഡിന്റെ പശ്ചാത്തലത്തിൽ ആവിഷ്കരിച്ച സുഭിക്ഷകേരളം പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണോദ്യോഗസ്ഥനായി രണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ തൻവർഷത്തിൽ രണ്ട് പ്രോജക്ടുകളും നടപ്പിലാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ | | | | ആകെ | ചെലവ് |
|---|---|---|---|---|---|---|---|
| | | സംസ്ഥാനാവിഷ്കൃത ഫണ്ട് | വികസന ഫണ്ട് | ബ്ലോക്ക് വിഹിതം | ഗുണഭോക്തൃ വിഹിതം | | |
| 1 | 100/22സുഭിക്ഷകേരളം മത്സ്യകൃഷി | 246000 | 246000 | 246000 | 1107000 | 1845000 | 0 |

മേൽ സൂചിപ്പിച്ച പദ്ധതി ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കിയിട്ടും നടപ്പിലാക്കിയിട്ടില്ല. ആയതിനു വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പദ്ധതികൾ നടപ്പാകാതിരുന്നിനാൽ കോവിഡിന്റെ പശ്ചാത്തലത്തിൽ ആവിഷ്കരിച്ച സുഭിക്ഷകേരളം പദ്ധതിയുടെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭ്യമാകാതെ പോയി. ഇത്തരം പദ്ധതികൾക്ക് പ്രാധാന്യം നൽകി സമയബന്ധിതമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 പഠനമുറി പൂർത്തിയാക്കിയില്ല

പ്രോജക്ട് നം - 45/22 പഠനമുറി

അടങ്കൽ- 13,10,082/(വികസന ഫണ്ട്,എസ്.സി.പി)

ചെലവ് - 130,000/-

അസി.സെക്രട്ടറി നടപ്പാക്കിയ ടി പ്രോജക്ട് പ്രകാരം പഠനമുറി നിർമ്മിക്കുന്നതിനായി ശ്രീ.രാജേഷ്, മേക്കവെളി (F/o ജാനിലിയ രാജേഷ്) എന്ന വ്യക്തിക്ക് 12/21 ൽ 50,000/- രൂപ അഡ്വാൻസ് നൽകിയിരുന്നു. ടിയാൾ പണി

പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/30.8.2022) തുക തിരിച്ചീടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന മറുപടി നല്കി. പഠനമുറിയുടെ പദ്ധതി മോണിട്ടറിംഗ് കാര്യക്ഷമമാക്കി നിർമ്മാണം പൂർത്തിയാക്കുന്നതിനോ തുക തിരിച്ചീടാക്കുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

പ്രോജക്ട് നം. - 15/21-22

തുക – 9,37,000/- (ബിൽ നം - 207/21-22/28.2.2022)

കന്നുകട്ടി പരിപാലനം പദ്ധതിക്കായി 2021-22 വർഷം 9,37,000/- രൂപ വികസനഫണ്ടിൽ നിന്നുംപിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രം അസി.ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പദ്ധതി ആരംഭിച്ചിട്ടുണ്ടോ എന്നും പ്രോജക്ടിന്റെ നിലവിലെ അവസ്ഥയും അറിയിക്കേണ്ടതാണ് എന്ന് അറിയിച്ച് ഓഡിറ്റ് അന്വേഷണം നൽകിയതിന് (നം. 6/29.08.2022) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 9,37,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 കൂടിയ നിരക്കിൽ ഭക്ഷ്യ വസ്തുക്കൾ വാങ്ങി

പ്രോജക്ട് നം - 13/21-22 പൂരക പോഷകാഹാര പരിപാടി

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

വകയിരുത്തൽ

വികസനഫണ്ട് - 900000/-

കേന്ദ്രാവിഷ്കൃത ഫണ്ട് - 900000/-

ജില്ലാ പഞ്ചായത്ത് വിഹിതം - 300000/-

ആകെ അടങ്കൽ 2356429/-

ചെലവ് വിവരം

വികസനഫണ്ട് - 900000/-

കേന്ദ്രാവിഷ്കൃത ഫണ്ട് - 900000/-

ജില്ലാ പഞ്ചായത്ത് വിഹിതം - 1254607/-

ആകെ ചെലവ് - 2054607/-

മേൽ പ്രോജക്ട് പ്രകാരമുള്ള ചെലവുകളിൽ അപാകതയുള്ളവയുടെ വിവരം ചുവടെ ചേർക്കുന്നു.

പൂരകപോഷകാഹാര പരിപാടിയുടെ ഭാഗമായി വിവിധ അംഗനവാടികളിൽ വിതരണം ചെയ്യുന്നതിനായി സ്റ്റേഷനറിസാധനങ്ങൾ സിവിൽ സപ്ലൈസിലെ വിലയേക്കാൾ കൂടിയ നിരക്കിൽ തിരുനല്ലൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും വാങ്ങിയിട്ടുണ്ട്.

വിശദവിവരം ചുവടെ ചേർക്കുന്നു

| Commodity | നിരക്ക് | |
|---|---|---|
| | സിവിൽ സപ്ലൈസിലെ വില | സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്കിലെ വില |
| ചെറുപയർ | 74 | 99.50 |
| ശർക്കര | 74 | 82.5. |
| പരിപ്പ് | 65 | 102 |
| വെളിച്ചെണ്ണ | 176 | 200 |

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിതരണ കേന്ദ്രങ്ങളായ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റ് എന്നിവിടങ്ങളിൽ അങ്കണവാടികൾക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റുകളിലെ വിലയിൽ അധികരിക്കാതെ ലഭിക്കുകയാണെങ്കിൽ മാത്രമേ അങ്കണവാടികൾക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭക്ഷ്യ വസ്തുക്കൾ വാങ്ങുവാൻ പാടുള്ളുവെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04.05.2011ലെ 58814/D.C2/2010/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ ഈ സർക്കുലറിലെ നിർദ്ദേശത്തിന് വിരുദ്ധമായി കൂടിയ നിരക്കിൽ സ്റ്റേഷനറിസാധനങ്ങൾ സർവ്വീസ് കോ-

ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും വാങ്ങിയതുമൂലം അധിക ചെലവുണ്ടായിട്ടുണ്ട് കൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിതരണ കേന്ദ്രങ്ങളിൽ ഇവ ലഭ്യമല്ലായെന്നുള്ള എൻ.എ.സിയും ലഭ്യമായതായി കാണുന്നില്ല. അങ്കണവാടികൾക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ സർക്കാർ നിർദ്ദേശം പാലിച്ച് വാങ്ങേണ്ടതാണ്.

## 1-30 വിവിധ നിക്ഷേപപ്രവൃത്തികൾക്കായി തുക നൽകിയിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ വിവിധ ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി.യ്ക്ക് 2017 മുതൽ നൽകിയ തുകകൾ പ്രവൃത്തി പൂർത്തിയാക്കാതെ നിക്ഷേപമായി അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു. പ്രവർത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | വർഷം | നിക്ഷേപതുക | ചെലവഴിച്ചത് |
|---|---|---|---|
| 1 | 2017-18 | 122600<br>130000 | യു.സി.ലഭ്യമായില്ല |
| 2 | 2018-19 | 474113 | യു.സി.ലഭ്യമായില്ല |
| 3 | 2019-2020 | 99924 | യു.സി.ലഭ്യമായില്ല |
| 4 | 2020-2021 | 200000<br>200000<br>300000<br>200000<br>182633 | യു.സി.ലഭ്യമായില്ല<br>200000<br>200000<br>യു.സി.ലഭ്യമായില്ല<br>യു.സി.ലഭ്യമായില്ല |
| | ആകെ | 1909270 | 400000 |
| | ബാലൻസ് | 1509270 | |

## 1-31 വിതരണരേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം - 138/21-22 വൃദ്ധർക്ക് കട്ടിൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

അടങ്കൽ - 338701

ചെലവ് - 228575(13/21-22/26.3.22)

ടി പ്രോജക്ട് പ്രകാരം വൃദ്ധർക്ക് കട്ടിൽ ലഭ്യമാക്കുന്നതിനായി 19.3.22 ലെ കെൽട്രോണിൽ നിന്നുള്ള ഇൻവോയ്സ് പ്രകാരം 100 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.ശ്രീമതി.ലീല നികർത്തിൽ, ശ്രീമതി. പങ്കജാക്ഷി, തെക്കേപരേത്ത്കാട്, നാരായണൻ, പരേത്ത്കാട് എന്നീ ഗുണഭോക്താക്കൾ രജിസ്റ്റർ പ്രകാരവും ഫയൽ പ്രകാരവും കട്ടിൽ കൈപ്പറ്റിയതായി കാണുന്നില്ല

2. ആവശ്യകതാനിർണ്ണയം നടത്താതെയാണ് കട്ടിലുകൾ വാങ്ങിയത്. 100 കട്ടിലുകൾ വാങ്ങിയതിൽ 90 എണ്ണം വിതരണം ചെയ്തതിനു ശേഷം 14.6.22 ന് ചേർന്ന അടിയന്തിര യോഗത്തിൽ 10 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാൻ തീരുമാനിച്ചത്. 15 വാർഡുകളുള്ളതിൽ ഓരോ വാർഡിലും ആകെ 10 ഗുണഭോക്താക്കൾ ഉണ്ടായിട്ടും 6 ഗുണഭോക്താക്കൾക്ക് മാത്രം നൽകി. 24.2.22ൽ ചേർന്ന നിലവിൽ വന്ന ഗുണഭോക്തൃ ലിസ്റ്റിൽ ഓരോ വാർഡിലും 4 പേർ അവശേഷിക്കെ പുതിയ തീരുമാനത്തിൽ 10 ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു.
മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം. 19/ 01.09.22)വിതരണ രേഖകൾ ഹാജരാക്കാമെന്ന മറുപടി നല്കി. രേഖകൾ ഹാജരാക്കുന്നതു വരെ 228575/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 ബില്ലിൽ കുറവ് ചെയ്ത ബാരൽ വില തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിക്കുന്നു.

2020-21 വർഷം വികസന ഫണ്ട് ജനറൽ/റോഡു സംരക്ഷണ ഗ്രാന്റ് ഉപയോഗിച്ച് നടപ്പിലാക്കിയ താഴെപറയുന്ന മരാമത്ത് വേലകളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത ഒഴിഞ്ഞ ബാരലിന്റെ വില ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | പ്രോജക്ട് നം | ബില്ലിൽ കുറവ് ചെയ്ത ബാരൽ | ഫണ്ട് ഇനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | വില | |
| 1 | കന്നുകുളം - കീഴഞ്ഞാലിക്കൽ റോഡ് ടാറിംഗ് | 105/22 | 3934 | മെയിന്റനൻസ് ഗ്രാന്റ് റോഡ് |
| 2 | 326-ാം നമ്പർ സൊസൈറ്റി ചാത്തനാട്ട് റോഡ് ടാറിംഗ് വാർഡ് 15 | 75/22 | 3372 | മെയിന്റനൻസ് ഗ്രാന്റ് റോഡ് |
| 3 | വെളിയിൽ ക്ഷേത്രം റോഡ് മെറ്റലിംഗ് & ടാറിംഗ് വാർഡ് 4 | 109/22 | 2529 | മെയിന്റനൻസ് ഗ്രാന്റ് റോഡ് |
| 4 | പനമ്പുകാട് ക്ലൂട്ടുപുറം റോഡ് ടാറിംഗ് വാർഡ് 14 | 76/22 | 1686 | മെയിന്റനൻസ് ഗ്രാന്റ് റോഡ് |
| 5 | ചണ്ണിക്കടവ് റോഡ് മെറ്റലിംഗ് & ടാറിംഗ് | 103/22 | 1405 | വികസന ഫണ്ട് ജനറൽ |
| | ആകെ | | 12926 | |

ഒഴിഞ്ഞ ബാരൽ വിറ്റു കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ ഒടുക്കണമെന്ന് 12-04-06 ലെ ജി.ഒ.(പി)177/06/ധനം ഖണ്ഡിക 10.3ൽ നിർദ്ദേശിച്ചിട്ടുണ്ട്. ബില്ലിൽ നിന്നും കുറവ് ചെയ്തു തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുകയിൽ കാലിവീപ്പയുടെ വിലയിനത്തിലുള്ള 10599/- രൂപയും ജി.എസ്.ടി ഇനത്തിലുള്ള 2327/- രൂപയും ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-33 തെരുവ് വിളക്ക് മെയിന്റനൻസ് - കരാറുകാരനിൽ നിന്നും ഐ.റ്റി, ജി.എസ്.റ്റി എന്നിവ ഈടാക്കിയില്ല.

2021-22 വർഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ തെരുവ് വിളക്ക് വാങ്ങലും റിപ്പയറിംഗും എന്ന പ്രോജക്ടിന്റെ ഭാഗമായി തെരുവ് വിളക്ക് റിപ്പയറിംഗ് കോൺട്രാക്ട് ഏറ്റെടുത്തിരുന്ന ശ്രീ.അജിത് പ്രസാദിന് ലേബർ ചാർജ്ജിനത്തിൽ 3,64,463/- രൂപ നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ ആകെ ചെലവ് തുകയായ 3,75,735/- രൂപയിൽ നിന്നും 1% വീതം ഐ.റ്റി, ജി.എസ്.റ്റി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ കുറവ് ചെയ്തതിന് ശേഷമാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. എന്നാൽ ഇപ്രകാരം കുറവ് ചെയ്ത തുക സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ല. കൂടാതെ 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരി /കരാറുകാരനിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് GST വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി 1% മാത്രമാണ് കരാറുകാരനിൽ നിന്നും ജി.എസ്.റ്റി ടി.ഡി.എസ് ആയി കുറവ് ചെയ്തിട്ടുള്ളത്. കരാറുകാരനിൽ നിന്നും കുറഞ്ഞ നിരക്കിൽ ജി.എസ്.റ്റി ഈടാക്കിയതിനും ബില്ലിൽ നിന്നും കുറവ് ചെയ്ത തുക ബന്ധപ്പെട്ട ഹെഡുകളിൽ ഒടുക്കാതിരുന്നതിനും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം 27/01.09.2022) നൽകുകയുണ്ടായി. ആദായ നികുതിയിനത്തിൽ കുറവ് ചെയ്ത തുക ചെലാൻ നം 7281730/ 30.07.2022 പ്രകാരം ഒടുക്കിയിട്ടുള്ളതായും ബില്ലിൽ നിന്നും കുറവ് ചെയ്ത ജി.എസ്.റ്റി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ ബന്ധപ്പെട്ട ഹെഡുകളിൽ ഒടുക്കി അറിയിക്കുന്നതാണെന്നും ജി.എസ്.ടി ഇനത്തിൽ കുറവു വന്ന 3757 രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്കുന്നതാണെന്നും ഓഡിറ്റിനെ രേഖാമൂലം

അറിയിക്കുകയുണ്ടായി.

KCWWF ഇനത്തിലെ 3757 രൂപയും GST ഇനത്തിലെ 7514 രൂപയും എത്രയുംവേഗം ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടുകളിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

GST TDS ഇനത്തിൽ കരാറുകാരനിൽ നിന്നും 3757 രൂപകൂടി ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ആയത് അധികച്ചെലവിന് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്.

## 1-34 വക്കീൽ ഫീസ്- ആദായ നികുതി ഈടാക്കിയില്ല.

വൗച്ചർ നം. 22100045/17.5.21, ചെക്ക് നം. 81317 പ്രകാരം അഡ്വക്കേറ്റ് ശ്രീ. സി.കെ. സജീവിന് വക്കീൽ ഫീസിനത്തിൽ 37500/- രൂപ നല്കിയിട്ടുണ്ട്. Income Tax Act – 194 J പ്രകാരം ഒരു സാമ്പത്തികവർഷം 30000/- രൂപയിൽ കൂടുതൽ പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ഫീസിനത്തിൽ നല്കുമ്പോൾ 10% തുക ഉറവിടത്തിൽ കുറവ് ചെയ്യേണ്ടതാണ്. തുക കുറവ് ചെയ്യാത്തത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.8/29.8.22) ലഭ്യമാക്കിയ മറുപടിയിൽ വിവിധ കേസുകൾക്കായുള്ള തുകയാണ് ഒരുമിച്ച് നല്കിയിട്ടുള്ളത് എന്നും തുടർന്ന് വക്കീൽഫീസിനത്തിൽ തുക നല്കുമ്പോൾ ആദായനികുതി ഈടാക്കുന്നതായിരിക്കുമെന്നുമാണ്. എന്നാൽ ഒരു സാമ്പത്തികവർഷം ഓരാൾക്ക് പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ഫീസിനത്തിൽ ആകെ നല്കുന്ന തുക 30000/- അധികരിക്കുമ്പോൾ നികുതി കിഴിവ് ചെയ്യേണ്ടതാണ്. ആയതിനാൽ മേൽ അഡ്വക്കേറ്റിന് ഇനി നല്കുന്ന തുകയിൽ നിന്നും 2021-22 സാമ്പത്തികവർഷം ഈടാക്കാനുള്ള ആദായനികുതി കിഴിവ് ചെയ്ത് ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കേണ്ടതാണ്.

## 1-35 യഥാസമയം പണി പൂർത്തിയാക്കാതിരുന്ന കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല.

ജി.ഒ (പി)13/2012/PWD/01-02-2012 പ്രകാരം പൊതുമരാമത്ത് മാനുവൽ 2012 ലെ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ ചണ്ണിക്കടവ് റോഡ് മെറ്റലിംഗ് & ടാറിംഗ് എന്ന പ്രവർത്തി എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തിയാക്കാതിരുന്നിട്ടും പിഴ ഈടാക്കാതെ കരാറുകാരന് മുഴുവൻ തുകയും അനുവദിച്ച് നൽകി. ജൂൺ മാസത്തിൽ കരാറിലേർപ്പെട്ട പ്രവർത്തി ആയതുകൊണ്ടാണ് മഴമൂലം പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവർത്തി പൂർത്തീകരിക്കുവാൻ സാധിക്കാതിരുന്നതെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയത്. എന്നാൽ പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവർത്തി പൂർത്തിയാക്കുവാൻ കഴിയാത്തതിന്റെ കാരണം വിശദീകരിച്ചുകൊണ്ട് കരാറുകാരൻ രേഖാമൂലം അപേക്ഷ നൽകുകയോ ആയത് പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച് പൂർത്തീകരണ കാലാവധി നീട്ടി നൽകുകയോ ചെയ്തിട്ടില്ല. ആയതിനാൽ യഥാസമയം പണി പൂർത്തിയാക്കാതിരുന്ന കരാറുകാരനിൽ നിന്നും താഴെപറയും പ്രകാരം പിഴ ഈടാക്കേണ്ടതായിരുന്നു.

ചണ്ണിക്കടവ് റോഡ് മെറ്റലിംഗ് & ടാറിംഗ് (പ്രോ.നം 103/22)
കരാറുകാരൻ - ജെറിൻ ജെ ജോയീസ്
എഗ്രിമെന്റ് നം. 04/AE/LSGD/TSY/20-21/01-06-20
ബിൽ നം – 215/08.03.2022 – തുക 120737 (ഫൈനൽ ബിൽ)
സൈറ്റ് ഹാൻഡ് ഓവർ ചെയ്ത തീയതി. 01-06-2020
PAC- - 267074-
M Book – 12/2020
പ്രവർത്തി പൂർത്തീകരണ സമയം - 180 ദിവസം.

പ്രവർത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 27-11-2020
പൂർത്തീകരിച്ച തീയതി- 28-05-2021
ഈടാക്കേണ്ട പിഴ
ആദ്യത്തെ 90 ദിവസത്തേയ്ക്ക് - PAC യുടെ 1% – 267074 X 1%=2671/-.(25/02/2021 വരെ)

ശേഷിക്കുന്ന കാലത്തേയ്ക്ക് - PAC യുടെ 2% –267074 X 2% = 5342

ആകെ തുക = 2671 + 5342 = 8013/-

ടി തുക എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പ്രവർത്തി പൂർത്തിയാക്കാതിരുന്ന കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി കണക്കാക്കി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## 1-36 ഗ്രാന്റ് വിനിയോഗത്തിൽ l ഗുരുതരമായ അലംഭാവം.

1- മെയിന്റനൻസ് ഗ്രാന്റ് (റോഡ്) -

സാംഖ്യ എ.സി.ആർ പ്രകാരം 2021-22 വർഷം തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിന് മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഇനത്തിൽ 68,12,700/- രൂപയാണ് അലോട്ട്മെന്റായി അനുവദിച്ചിരുന്നത്. സുലേഖ ചെലവ് പത്രിക പരിശോധിച്ചതിൽ, ഇതിൽ 24,41,603/- രൂപയുടെ പദ്ധതികൾ തയ്യാറാക്കി അംഗീകാരം വാങ്ങിയെങ്കിലും 16,59,163/- രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളൂ. തൻവർഷം അംഗീകാരം വാങ്ങിയ എട്ട് പ്രോജക്ടുകൾക്കായി ആകെ 54,41,603/- രൂപ വകയിരുത്തിയിരുന്നുവെന്നും എന്നാൽ ഇതിൽ 24,41,603/- രൂപയുടെ പദ്ധതികൾ മാത്രമാണ് വെറ്റ് ചെയ്തു കിട്ടിയതെന്നും 30,00,000/- രൂപ അടങ്കിൽ ആസൂത്രണം ചെയ്ത മണപ്പുറം ജെട്ടി റോഡിന് ഇറിഗേഷൻ വകുപ്പിന്റെ എൻ.ഒ.സി ലഭിക്കാതിരുന്നതിനാൽ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതിക അനുമതി നൽകിയില്ലായെന്നും ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 37/03.09.2022) അസി.എഞ്ചിനീയർ മറുപടി നൽകി. നടപ്പാക്കുവാൻ കഴിയുന്ന പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതിലും അവ കൃത്യമായി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിലും ഉണ്ടായ ഗുരുതരമായ അലംഭാവം മൂലം 51,53,537/- രൂപ മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഇനത്തിൽ തൻവർഷം പഞ്ചായത്തിന് നഷ്ടമായി.

2- ധനകാര്യ കമ്മീഷൻ ഗ്രാന്റ്-

തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ തൻവർഷം 10076867 രൂപയാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ കേവലം 969866 മാത്രമാണ് തൻവർഷം ചെലവഴിക്കാനായത്. അതായത് ലഭിച്ച തുകയിൽ 10% പോലും തൻവർഷം ചെലവഴിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ സാംഖ്യ എ.സി.ആറിൽ 4450302 രൂപ ചെലവഴിച്ചതായി രേഖപ്പെടുത്തി കാണുന്നു. ബിൽ പ്രോസസ് ചെയ്യുമ്പോൾ തന്നെ ചെലവ് ബുക്ക് ചെയ്യുന്നതുകൊണ്ടാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. വിശദ വിവരം താഴെകൊടുക്കുന്നു.

| ആകെ അനുവദിച്ച തുക | എ.സി.ആർ പ്രകാരമുള്ള | | വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ | |
|---|---|---|---|---|
| | ചെലവ് | നീക്കിയിരുപ്പ് | ചെലവ് | നീക്കിയിരുപ്പ് |
| 10076867 | 4450302 | 5626565 | 969866 | 9107001 |

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിലെ ചെലവ് ശതമാനം വളരെ കുറവായതിനാൽ തുടർന്നുള്ള വർഷങ്ങളിലെ അലോട്ട്മെന്റ് ഇതനുസരിച്ച് ആനുപാതികമായി കുറയുവാൻ സാധ്യതയുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ലഭിക്കുന്ന ഗ്രാന്റുകൾ ഇപ്രകാരം പാഴാക്കി കളയുന്നത് അംഗീകരിക്കാവുന്നതല്ല. ധനകാര്യ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളും ഭരണ സമിതിയും ഈവിഷയത്തിൽ ജാഗ്രത കാണിക്കേണ്ടതാണ്.

# ഭാഗം -2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ലേലം ഉറപ്പിച്ച വ്യക്തികൾക്ക് ലേലം നല്കാത്തതുമൂലം പഞ്ചായത്തിന് 48641/- രൂപ നഷ്ടം

2021ൽ നിയമസഭാ ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലവിലുള്ളതിനാൽ ലേല നടപടികൾ സാധ്യമല്ലാത്തതിനാൽ പൂച്ചാക്കൽ മാർക്കറ്റ് ഫീസ് പിരിവ് മുൻസാമ്പത്തികവർഷത്തെ ലേലക്കാരന് രണ്ടുതവണയായി ആകെ 6 മാസത്തേക്ക് നീട്ടി നല്കി. തുടർന്ന് പൂച്ചാക്കൽ മാർക്കറ്റ് ഫീസ് പിരിവ്, ശൗചാലയം നടത്തിപ്പ് മുതലായവയ്ക്ക് 3.9.2021ൽ പത്രത്തിൽ ലേലപ്പരസ്യം നല്കിയതിന് 5141/- രൂപ ചെലവഴിച്ചിട്ടുണ്ട്. (വൗച്ചർ നം.22100495/10.11.21) ഇതിനെ അടിസ്ഥാനമാക്കി ലേലം നടത്തിയതു സംബന്ധിച്ചും തുക അടവാക്കിയതുമായ രേഖകൾ ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/30.8.22) പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പത്രപ്പരസ്യത്തെത്തുടർന്ന് 06.09.21 ൽ ലേലം നടത്തുകയും ലേലത്തിൽ ഒരു വ്യക്തിയും വരേകാട് മത്സ്യ സഹകരണ സംഘം- നം.465 എന്ന സൊസൈറ്റിയും പങ്കെടുത്തു. മത്സ്യ സൊസൈറ്റി തുകയൊന്നും പറയാതെ മത്സ്യസൊസൈറ്റി എന്ന പരിഗണനയിൽ ലേലം കൂടാതെതന്നെ സംഘത്തിന് നല്കണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ ലേലം നടത്തുകയും ലേലത്തിൽ ശ്രീ. തോമസ്, കണ്ണംപറമ്പിൽ എന്നയാൾക്ക് 43500/- രൂപയ്ക്ക് താൽക്കാലികമായി ലേലം ഉറപ്പിക്കുകയും ചെയ്തു. ഇതേതുടർന്ന് 08.09.21 ൽ വരേകാട് മത്സ്യ സഹകരണ സംഘം ടി തോമസ് വിളിച്ച 43500/- നേക്കാൾ ഉയർന്ന

തുകയായ 44000/- രൂപയ്ക്ക് സംഘത്തിന് ഉറപ്പിച്ച് നല്കണമെന്ന് കാട്ടി രേഖാമൂലം പഞ്ചായത്തിൽ അപേക്ഷനല്കുകയും അതേദിവസംതന്നെ ചേർന്ന സ്റ്റിയറിംഗ് കമ്മിറ്റി യോഗം സംഘത്തിന്റെ അപേക്ഷ പരിഗണിച്ച് സംഘത്തിന് ഫീസ് പിരിവ് അവകാശം നല്കുന്നതിന് ഭരണ സമിതിയോട് ശുപാർശ ചെയ്യാൻ തീരുമാനിച്ചു. എന്നാൽ 22.9.21 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി യോഗം ഇക്കാര്യം ചർച്ച ചെയ്യുകയും സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനം റദ്ദാക്കുകയും മത്സ്യതൊഴിലാളി സൊസൈറ്റിക്ക് നല്കിയ ഫീസ് പിരിവ് അവകാശം നിർത്തിവയ്ക്കുന്നതിനും സ്റ്റിയറിംഗ് കമ്മിറ്റി അംഗങ്ങളും കക്ഷിനേതാക്കളും കൂടിയിരുന്ന് സമവായം ഉണ്ടാക്കുന്നതിനും അതിന് കഴിഞ്ഞില്ലെങ്കിൽ വീണ്ടും പഞ്ചായത്ത് കമ്മിറ്റി ചേർന്ന് അന്തിമതീരുമാനം എടുക്കുന്നതിനും തീരുമാനിച്ചു. എന്നാൽ കക്ഷിനേതാക്കളുടെ യോഗമോ ഇതു സംബന്ധിച്ച തുടർ തീരുമാനങ്ങളോ കൈക്കൊണ്ടിട്ടില്ലാത്തതിനാൽ ലേലം തൻവർഷം നടന്നിട്ടില്ല. ഇതു സംബന്ധിച്ച സ്റ്റിയറിംഗ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി യോഗ മിനിട്സ് ഹാജരാക്കുകയും ചെയ്തു.

പഞ്ചായത്ത് കമ്മിറ്റി മിനിട്സ് പ്രകാരം ഹാജരായിട്ടുള്ള അംഗങ്ങൾ സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനം നടപ്പാക്കുക, പുനർലേലം നടത്തുക, കക്ഷിനേതാക്കളുമായി സമവായം ഉണ്ടാക്കുക എന്നീ നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചിട്ടുള്ളത്. ലേലം വിളിച്ചയാൾക്ക് ലേലം ഉറപ്പിച്ച് നൽകുന്നതിനായി ആരുംതന്നെ നിർദ്ദേശിക്കുകയുണ്ടായില്ല. സെക്രട്ടറി ലേല നിബന്ധനകൾ യോഗത്തെ അറിയിക്കുകയോ തന്റെ അഭിപ്രായം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ലേലം ശ്രീ.തോമസ് എന്ന വ്യക്തിക്ക് നല്കിയ നടപടി പഞ്ചായത്ത് കമ്മിറ്റി റദ്ദ് ചെയ്തിട്ടില്ല.

പൊതുലേലം നടത്തുകയും മറ്റാരും ലേലത്തിൽ പങ്കെടുക്കാത്തതിനാൽ മുൻവർഷത്തെ ലേലത്തുകയായ 21000/- രൂപയുടെ ഇരട്ടി തുകയിൽ കൂടുതൽ ലേലം വിളിച്ച ഏക വ്യക്തിക്ക് ലേലം താൽക്കാലികമായി ഉറപ്പിച്ചുവെങ്കിലും ലേലക്കാരനുമായി കരാർ ചമയ്ക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചില്ല. ലേല നടപടികളിൽ പങ്കെടുത്തെങ്കിലും ലേലക്കാരൻ വിളിച്ചതിലും അധികരിച്ച തുക ലേലസമയത്ത് വിളിക്കാതെ പിന്നീട് അതിലും നാമമാത്രമായ തുക കൂട്ടി മേൽ സൊസൈറ്റി പഞ്ചായത്തിൽ അപേക്ഷനല്കി ലേല നടപടികൾ അട്ടിമറിക്കുകയും ലേലക്കാരനെ നോക്കുകുത്തിയാക്കുകയുമാണുണ്ടായത്. അപേക്ഷ ലഭിച്ച അന്നുതന്നെ സ്റ്റിയറിംഗ് കമ്മിറ്റി ചേർന്ന് തീരുമാനമെടുത്തതും ദുരൂഹമാണ്. തുടർന്ന് നടന്ന പഞ്ചായത്ത് കമ്മിറ്റി, സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനം റദ്ദ് ചെയ്തുവെങ്കിലും ഉചിതമായ തീരുമാനത്തിലൂടെ ഗ്രാമപഞ്ചായത്തിന്റെ വരുമാന നഷ്ടം ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചില്ല. പഞ്ചായത്ത് കമ്മിറ്റി തീരുമാനമനുസരിച്ച് കക്ഷിനേതാക്കളുമായി ചർച്ച നടത്തുകയോ മറ്റു തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തില്ല. ലേലം വിളിച്ചയാൾക്ക് ലേലം സ്ഥിരപ്പെടുത്തി നല്കുകയോ ചെയ്തില്ല. ഇതുമൂലം പഞ്ചായത്തിന് 43500/- രൂപ ഫീസ് പിരിവിലും 5141/- രൂപ പത്രപരസ്യചാർജ് ഇനത്തിലുമായി (വൗച്ചർ നം. 22100495/ചെക്ക് നം. 250252/10.11.21) ആകെ 48641/- രൂപ നഷ്ടമായിട്ടുണ്ട്. നഷ്ടത്തുക ലേലനിബന്ധനകൾക്ക് വിരുദ്ധമായി തീരുമാനമെടുത്ത 22.9.21ലെ പഞ്ചായത്ത് കമ്മിറ്റിയിൽ ഹാജരായ അംഗങ്ങൾ, സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പത്രപ്പരസ്യത്തിന് അധികച്ചെലവ് - 6605/- രൂപ

പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്-ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ ആന്റ് പി ആർ. 21.06.04-ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24 ച.സെ.മീ. വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ നടത്തിയ ടെൻഡർ, റീ ടെൻഡർ, വാങ്ങലുകൾക്ക് പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ അധിക ചെലവുണ്ടായിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതികളുമായി ബന്ധപ്പെട്ട് ടെൻഡറുകളും റീ ടെൻഡറുകളും, നടത്തുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം. | തുക | ചെക്ക് നം. | പരസ്യ അളവ് | പത്രം/ബിൽ നം. | പരസ്യ നിരക്ക്(പരസ്യപേജ്)/ഒരു എഡിഷൻ |
|---|---|---|---|---|---|
| 22100357/29.9.21 | 13566/- | 250217 | 8 X 10= 80cm$^2$ | മാതൃഭൂമി/92976 /17.2.21 | 100 (പേജ്-2) & 90 (പേജ്-9) |
| 22100496/10.11.21 | 14212/- | 250253 | 11 X 8= 88cm$^2$ | - ടി - *130208/*28.2.20 | 100 (പേജ്-2) & 90(പേജ്-11) |
| 22100495/10.11.21 | 5141/- | 250252 | 4 X 8= 32cm$^2$ | ദേശാഭിമാനി/0657 /3.9.21 | 180(പേജ്-4) |

| | | | | | |
|---|---|---|---|---|---|
| 22100587/23.12.21 | 9818/- | 250291 | 8 X 5= 40cm$^2$ | മാതൃഭൂമി/71087 /20.11.21 | 275(പേജ്-9) |
| 22100588/23.12.21 | 5141/- | 250292 | 8 X 4= 32cm$^2$ | ദേശാഭിമാനി/1374 /16.12.21 | 180(പേജ്-9) |
| 22100667/31.1.22 | 5141 | 521737 | 8 X 4= 32cm$^2$ | ദേശാഭിമാനി/1374 /8.12.21 | 180(പേജ്-8) |

സർക്കാർ ഉത്തരവ് പ്രകാരമല്ലാതെ പരസ്യം പ്രസിദ്ധീകരിച്ചത് വഴി അധികച്ചെലവ് ഉണ്ടായതിനും പരസ്യ നിരക്കിൽ വലിയവ്യത്യാസം ഉണ്ടായതിനും വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/21-22 /29.8.22) ഗ്രാമപഞ്ചായത്ത് മറുപടി നല്കി.

എല്ലാ വിവരങ്ങളും ഉൾക്കൊള്ളിച്ചുതന്നെ നിബന്ധനകൾ മനസ്സിലാക്കി ടെൻഡറിൽ വ്യക്തികൾ പങ്കെടുക്കണം എന്ന് പഞ്ചായത്ത് കമ്മിറ്റിയിൽ നിർദ്ദേശം ഉയർന്നതിന്റെ അടിസ്ഥാനത്തിലും മാർക്കറ്റ് ഫീസ്, ടോയ്‌ലറ്റ് നടത്തിപ്പ് കടത്ത് എന്നിവ എൽ.എസ്.ജി.ഡി. സന്ദർശിക്കുന്നവരേക്കാൾ പ്രദേശവാസികൾ വിവരങ്ങൾ അറിഞ്ഞ് ടെൻഡറിൽ പങ്കെടുക്കണം എന്ന സദുദ്ദേശപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും ഇങ്ങനെ പരസ്യം നല്കിയതിനാൽ പിന്നീട് റീടെൻഡർ, ക്വട്ടേഷൻ എന്നീ നടപടികളിലേക്ക് കടക്കാതെയും അങ്ങനെ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള അധികച്ചെലവും കുറയ്ക്കുവാൻ സാധിക്കുമെന്നും എന്നാൽ വിൻഡോ പരസ്യം നല്കിയ അവസരങ്ങളിലെല്ലാം റീടെൻഡർ, ക്വട്ടേഷൻ തുടങ്ങി പലതവണ പരസ്യം നല്കേണ്ടി വന്നിട്ടുണ്ട് എന്നുമാണ് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയത്.

എന്നാൽ അധിക നിരക്ക് നല്കിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയില്ല. മാതൃഭൂമി ദിനപത്രത്തേക്കാൾ കുറവ് സർക്കുലേഷനുള്ള ദേശാഭിമാനി ദിനപത്രം ഉൾപ്പേജിൽ പരസ്യം നല്കുന്നതിന് 180/- രൂപ ഈടാക്കുമ്പോൾ മാതൃഭൂമി ദിനപത്രത്തിൽ 90/- രൂപ മാത്രമാണ് നിരക്ക്

എന്നാൽ മാതൃഭൂമി ദിനപത്രത്തിൽ 29.9.21, 10.11.21 തീയതികളിൽ 9-ാം പേജിൽ പരസ്യം നല്കിയതിന് 90/- രൂപ നിരക്കും 23.12.21 ൽ 275/- രൂപ നിരക്കുമാണ് ഈടാക്കിയിട്ടുള്ളത്. ഇതുവഴി ഉണ്ടായ അധികച്ചെലവ് താഴെ ചേർക്കുന്നു.

| വൗച്ചർ നം. | പരസ്യ അളവ് | തുക |
|---|---|---|
| ബിൽ (മാതൃഭൂമി/71087/20.11.21) പ്രകാരം നല്കിയ തുക (വൗച്ചർ നം.22100587/23.12.21) | 8x5=40cm$^2$ | 40x275 =11000-1650(15% ട്രേഡ് ഡിസ്കൗണ്ട്) =9350 + 468 (5% GST) = 9818/- |
| മുൻ നിരക്കുകൾ പ്രകാരം നല്കേണ്ട തുക | 8x5=40cm$^2$ | 40x90 =3600-540(15% ട്രേഡ് ഡിസ്കൗണ്ട്) =3060 + 153 (5% GST) = 3213/- |
| അധികം നല്കിയ തുക (9818-3213) | | 6605/- |

അധികം തുക നല്കാനിടയായതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 6605/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

തദ്ദേശവകുപ്പിന്റെ 15744/ആർ.ഡി.1/07/തസ്വഭവ., തീ.8.12.2009 പ്രകാരം പത്രപരസ്യങ്ങൾ പബ്ലിക് റിലേഷൻസ് വകുപ്പ് ലഭ്യമാക്കുന്ന പത്രങ്ങളുടെ ലിസ്റ്റിൽ നിന്നും റൊട്ടേഷൻ അടിസ്ഥാനത്തിൽ നല്കേണ്ടതും പരസ്യചാർജ് പബ്ലിക് റിലേഷൻസ് വകുപ്പ് നിശ്ചയിച്ചിട്ടുള്ള നിരക്കിലുമാണ് നല്കേണ്ടത്. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കുന്നതായി കാണുന്നില്ല.

## 3-2 ആംബുലൻസ് ഡ്രൈവർക്ക് തുക അധികം നൽകി.

2021-22 വർഷം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കോവിഡ് രോഗികളെ ഡി.സി.സിയിലേയ്ക്കും ആശുപത്രിയിലേയ്ക്കും എത്തിക്കുന്നതിനായി ആംബുലൻസ് വാടകയ്ക്കെടുക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിനെ തുടർന്ന് ലഭിച്ച ക്വട്ടേഷനുകളിൽ കുറഞ്ഞ തുക ക്വോട്ട് ചെയ്ത ശ്രീ.അനിൽ കുമാറിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ടിയാനുമായി എഗ്രിമെന്റിൽ (നം- എ1/1919/2021 Dt 11/05/2021 ഏർപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 12/05/2021 മുതൽ 03/11/2021 വരെ ആംബുലൻസ് സർവ്വീസ് നടത്തിയതിന് ടിയാന് പ്രോജക്റ്റ് നം 48/22, 62/22 എന്നീ പ്രോജക്റ്റുകളിൽ നിന്ന് താഴെപറയുന്ന ബില്ലുകൾ പ്രകാരം 5,79,951/- രൂപയും തനത് ഫണ്ടിൽ നിന്ന് മുൻകൂറായി നൽകിയ 20,000/- രൂപ ഉൾപ്പെടെ 5,99,951 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ, 12/05/2021 മുതൽ 03/11/2021 വരെ നടത്തിയ സർവ്വീസിന് 5,73,407/- രൂപയാണ് ഡ്രൈവർക്ക് നൽകാവുന്നത്. കൂടാതെ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 06/2021-22) ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിലും 5,73,407/- രൂപ മാത്രമാണ് നൽകിയതായി അറിയിച്ചിട്ടുള്ളത്. ആയതിനാൽ അധികം നൽകിയ 26544/- രൂപ (5,99,951 – 5,73,407) പലിശ സഹിതം ടിയാനിൽ നിന്നും തിരികെ ഈടാക്കി

സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം അധികച്ചെലവിന് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ചെലവ് വിവരം.

ചെക്ക് നം – 20,000/- (തനത് ഫണ്ട്)

ബിൽ നം 04/27.5.2021 – 52477/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ബിൽ നം 10/16.6.2021 – 49430/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ബിൽ നം 26/7.8.2021 – 183065/- (വികസന ഫണ്ട് ജനറൽ)

ബിൽ നം 119/27.11.2021 – 268435/- (വികസന ഫണ്ട് ജനറൽ)

ബിൽ നം 120/27.11.2021 – 26544/-(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ആകെ തുക - 5,99,951/-

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| BP | 2021-22 | 396000 | Life | 396000 | |
| | | 399978 | Scholarship For Physically And Mentally Challenged | 399978 | |
| | | 100000 | Milk Subsidy | 100000 | |
| | Total | 895978 | | | |
| | | | | | |
| DP | | 480000 | Life | 480000 | |
| | | 483550 | Scholarship For Physically And Mentally Challenged | 483550 | |
| | | 254607 | Anganwadi Nutrition | 254607 | |
| | | 580000 | Anganwadi Construction | 580000 | |
| | | | | | |
| | Total | 1798157 | | 1798157 | |
| | | | | | |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 300000/-രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും

വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO | | 300000 | 33308000 | 2596000 | | 31012000 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 15427428 |
| തൻവർഷം നിക്ഷേപിച്ച തുക | 659775 |
| ആകെ | 16087203 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 16087203 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 83925935 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73339192 |
| വരവിനങ്ങളിലുള്ള നഷ്ടം | 48641 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 33149 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1582606 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 48641 | | പി.ആർ.സജി, സെക്രട്ടറി & 22.9.21ലെ പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ പങ്കെടുത്ത അംഗങ്ങൾ |
| 3-1 | | 6605 | പി.ആർ.സജി, സെക്രട്ടറി |
| 3-2 | | 26544 | പി.ആർ.സജി, സെക്രട്ടറി |
| ആകെ | 48641 | 33149 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 8465 | പി.ആർ.സജി, സെക്രട്ടറി |
| 1-22 | 72000 | ഡോ.ദിലീപ്,<br>മെഡിക്കൽ ഓഫീസർ, CHC |
| 1-24 | 142900 | പി.ആർ.സജി, സെക്രട്ടറി |

| | | |
|---|---|---|
| 1-25 | 193666 | പി.ആർ.സജി, സെക്രട്ടറി |
| 1-28 | 937000 | ഡോ.ടോണി തോപ്പിൽ, വെറ്ററിനറി സർജൻ |
| 1-31 | 228575 | ശ്രീമതി.സ്വപ്ന കരുണാകരൻ,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| | 1582606 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 1-33 കാണുക.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ദിലീപ്, മെഡിക്കൽ ഓഫീസർ, CHC | മെഡിക്കൽ ഓഫീസർ,<br>CHC, തൈക്കാട്ടുശ്ശേരി | മംഗലശ്ശേരി, ഈസ്റ്റ് ഓഫ്<br>കെൽട്രോൺ ജംഗ്ഷൻ, അരൂർ |
| പി.ആർ.സജി,<br>സെക്രട്ടറി | സെക്രട്ടറി, തൈക്കാട്ടുശ്ശേരി<br>ഗ്രാമപഞ്ചായത്ത് | സിന്ധു നിവാസ്, സി.എം.സി.<br>ചേർത്തല. |
| ശ്രീമതി.സ്വപ്ന കരുണാകരൻ,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ<br>തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് | താനാട്ട്,ഉറവൂർ,ചേർത്തല |
| ഡോ.ടോണി തോപ്പിൽ<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,<br>തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് | SRRA, ഷേണായി ഗാഡ്,കലൂർ |
| 22.09.2021 ലെ ഗ്രാമ പഞ്ചായത്ത് കമ്മിറ്റി<br>മീറ്റിംഗിൽ സംബന്ധിച്ച അംഗങ്ങൾ | അനുബന്ധം-3 ആയി<br>ചേർത്തിട്ടുണ്ട്. | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1998-99 | ചെലവ് - എൽ.എഫ്.ജി.എ5-1832/11, തീയതി - 19.01.2012 |
| 1999-2000 | എൽ.എഫ്.ജി.എ5-1832/11, തീയതി - 19.01.2012 |
| 2001-2002 | എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 2002-2003 | എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 2003-2004 | എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 2004-2005 | എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 2005-2006 | എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 2006-2007 | എൽ.എഫ്.ജി.എ5-1577/14, തീയതി – 08.05.2014 |
| 2007-2008 | എൽ.എഫ്.ജി.എ5-1577/14, തീയതി – 12.05.2014 |
| 2008-2009 | എൽ.എഫ്.ജി.എ5-1577/14, തീയതി – 08.05.2014 |
| 2009-2010 | എൽ.എഫ്.ജി.എ5-1577/14, തീയതി – 12.05.2014 |
| 2010-2011, 2011-2012 | എൽ.എഫ്.എ.പി9-709/13, തീയതി – 17.12.2014/14.03.2014 |
| 2012-2013 | എൽ.എഫ്.എ.പി9-20/15, തീയതി – 12.02.2015/17.03.2015 |
| 2013-2014 | എൽ.എഫ്.എ.പി9-1621/15, തീയതി – 17.12.2015/28.01.2016 |
| 2014-2015 | കെ.എസ്.എ-എൽ.പി-പി9/841/16, തീയതി – 30.07.2016/05.08.2016 |
| 2015-2016 | കെ.എസ്.എ-എൽ.പി-പി9/1563/16, തീയതി – 13.01.2017 |

| | |
|---|---|
| 2016-2017 | കെ.എസ്.എ-എൽ.പി-പി9/1063/17, തീയതി - 08.08.2017 |
| 2017-2018 | കെ.എസ്.എ-എൽ.പി-പി9.524/19/11.6.2019 |
| 2018-2019 | കെ.എസ്.എ-എൽ.പി-പി8. 400/2020/ 26.05.2020. |
| 2019-2020 | കെ.എസ്.എ-എൽ.പി-പി6/956/2021/24.2.2022 |
| 2020-2021 | കെ.എസ്.എ-എൽ.പി-പി6/957/21/24.2.2022 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## 22.09.2021 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി മീറ്റിംഗിൽ സംബന്ധിച്ച അംഗങ്ങൾ

| ക്രമ നം. | വാർഡ് | വാർഡംഗത്തിന്റെ പേര് |
|---|---|---|
| 1 | I | വിജയമ്മ |
| 2 | II | അംബികാ ശശിധരൻ |
| 3 | III | ഡി. വിശ്വംഭരൻ |
| 4 | IV | പ്രിയമോൾ |
| 5 | V | കെ.സി.വിനോദ്കുമാർ |
| 6 | VI | രതി നാരായണൻ |
| 7 | VII | ആശാ സുരേഷ് |
| 8 | VIII | B.ഷിബു |
| 9 | IX | സിന്ധു |
| 10 | X | ജോഷി.എൻ. |
| 11 | XI | പി.വി.രജിമോൻ |
| 12 | XII | ബിജോയ് കെ.പോൾ |
| 13 | XIII | കവിത സജീവൻ |
| 14 | XIV | എബ്രഹാം ജോർജ് |
| 15 | XV | വിമൽ രവീന്ദ്രൻ |